بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 24

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജൂൺ 12-19/ഹി.ശം 1404 ഇഹ്സാൻ 12-19/ഹി:ഖ 1446-47 ദുൽഹജ്ജ് 15-22

## അല്ലാഹുവിന്റെ വചനം

يُرِيۡدُوۡنَ اَنۡ يُّطۡفِـُٔوۡا نُوۡرَ اللّٰهِ بِاَفۡوَاهِهِمۡ وَيَاۡبَى اللّٰهُ اِلَّاۤ اَنۡ يُّتِمَّ نُوۡرَهٗ وَلَوۡ كَرِهَ الۡكٰفِرُوۡنَ ﴿۳۲﴾

(سورۃ توبہ:32)

അല്ലാഹുവിന്റെ പ്രകാശത്തെ തങ്ങളുടെ വായകൊണ്ട്(ഊതി)ക്കെടുത്താൻ അവരുദ്ദേശിക്കുന്നു. അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നതൊഴിച്ച് (മറ്റെല്ലാം) നിരസിക്കുന്നു; അവിശ്വാസികൾ അതു വെറുത്താലും ശരി.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ഓർമിക്കുക! അവസാനവിജയം അല്ലാഹുവിന്റെ ദാസരുടേതുതന്നെയാണെന്നുള്ളതാണ് അവന്റെ പ്രവർത്തനരീതി. വധിക്കാനുള്ള ഗൂഢപദ്ധതികൾ, കുഫ്ർ ഫത്‌വകൾ, വിവിധതരത്തിലുള്ള പീഢനമുറകൾക്കൊന്നും അവരെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام ന്റെ ഉപദേശങ്ങൾ

“ചീത്തക്കൂട്ടുകെട്ടാണ് മനുഷ്യനെ നശിപ്പിക്കുന്ന കാര്യങ്ങളിലൊന്ന്. നോക്കൂ, അബൂജഹ്ൽ സ്വയം നശിച്ചു. എന്നാൽ, അയാളുടെ അടുത്തുപോയി ഇരിക്കാറുണ്ടായിരുന്ന മറ്റുധാരാളമാളുകളുമായിട്ടാണ് മരിച്ചത്. അയാളുടെ സഹവാസത്തിലും മജ്‌ലിസിലും കളിയാക്കലിന്റേയും പരിഹാസത്തിന്റേയും ചർച്ചയല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. **ഇന്ന ഹാദാ ല ശയ്ഉയ്യുറാദ് മിയാൻ!** ഇതു കച്ചവടമാണെന്നാണ് അവർ പറഞ്ഞിരുന്നത്.

ഇനിനോക്കൂ! എന്നിട്ട് അയാളേതിനെയാണോ കച്ചവടമെന്നും ചതിയെന്നും പറഞ്ഞിരുന്നത് ഇന്ന് ലോകത്ത് മുഴുവൻ അതിന്റെ പ്രകാശമാണോ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും പ്രകാശമാണോ എന്നു പറഞ്ഞുതരിക. അബൂജഹ്ൽ മരിച്ചു. അയാളുടെമേൽ ലഅ്നത്ത് അഥവാ ശാപമല്ലാതെ ഒന്നും ശേഷിച്ചില്ല. എന്നാൽ, നബിﷺതിരുമേനിയുടെ ഉന്നതമായ തേജോവിലാസം നോക്കുക. രാവും പകലും എന്നുമാത്രല്ല എല്ലാ നിമിഷവും സ്വലാത്ത് ചൊല്ലപ്പെടുന്നു. 99 കോടി മുസ്‌ലിമീങ്ങൾ അദ്ദേഹത്തിന്റെ സേവകരായിട്ടുണ്ട്. ഇനി അബൂജഹ്ൽ വീണ്ടും വരികയാണെങ്കിൽ, വന്നുകണ്ടിരുന്നെങ്കിൽ മക്കയിലെ ഇടവഴികളിൽ ആരെയാണോ തനിച്ചു നടക്കുന്നതായി കണ്ടിരുന്നത്, ആരെ പീഢിപ്പിക്കുന്നതിനാണോ ഒരു പഴുതും വിട്ടുകളയാതിരുന്നത് അയാളോടൊപ്പം 99 കോടി മുനുഷ്യരുടെ ജനക്കൂട്ടം കണ്ട് അത്ഭുതപ്പെട്ടുപോകുമായിരുന്നു. ഈ ദൃശ്യംതന്നെ അയാളെ നശിപ്പിച്ചുകളയുമായിരുന്നു. അവിടത്തെ നുബുവ്വത്തിന്റെ സത്യതയ്ക്കുള്ള തെളിവ് ഇതുതന്നെയാണ്. അല്ലാഹു കൂടെയുണ്ടായിരുന്നില്ലെങ്കിൽ ഈ വിജയമുണ്ടാകുമായിരുന്നില്ല. ആ മഹാത്മാവിന്റെ ശത്രുതയിലും എതിർപ്പിലും എത്രത്തോളം ശ്രമങ്ങളും പദ്ധതികളുമാണ് ആസൂത്രണം ചെയ്തിരുന്നത്? എന്നാൽ, അവസാനം പരാജിതരും നിന്ദിതരുമാകേണ്ടിവന്നു. ആ പ്രാരംഭ കാലത്ത് അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്ന കുറച്ചാളുകളെ കണ്ടിട്ട് ഈ മഹാനായ മനുഷ്യൻ ലോകത്തുണ്ടാകുമെന്നും ഈ എതിരാളികളുടെ ഗൂഢപദ്ധതിളിൽനിന്ന് സുരക്ഷിതനായി രക്ഷപ്പെട്ട് വിജയിക്കുമെന്നും ആർക്കാണ് പറയാൻ കഴിയുമായിരുന്നത്? എന്നാൽ, ഓർമിക്കുക!അവസാനവിജയം അല്ലാഹുവിന്റെ ദാസരുടേതുതന്നെയാണെന്നുള്ളതാണ് അവന്റെ പ്രവർത്തനരീതി. വധിക്കാനുള്ള ഗൂഢപദ്ധതികൾ, കുഫ്ർ ഫത്‌വകൾ, വിവിധതരത്തിലുള്ള പീഢനമുറകൾക്കൊന്നും അവരെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അല്ലാഹു പറഞ്ഞത് സത്യമാണ്:

**യുരീദൂന ലിയുത്വ്ഫിഉ നൂറല്ലാഹി ബി അഫ്‌വാഹിഹിം വല്ലാഹു മുത്തിമ്മുനൂരിഹീ വലൗ കരിഹിൽ കാഫി**റൂൻ (61:9) തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ, സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്.

വായകൊണ്ടുള്ള ഊത്ത് എന്താണ്? ആരെല്ലാമോ ചതിയനെന്ന് പറഞ്ഞു, ആരെല്ലാമോ കച്ചവടക്കാരനെന്ന് പറഞ്ഞു, ചിലർ സത്യനിഷേധിയെന്ന് പറഞ്ഞു, ചിലർ നിർമതനെന്ന് പറഞ്ഞു.

ശേഷം പേജ് 11 ൽ

## സകല മനുഷ്യരുടേയും ആവശ്യങ്ങൾക്കുവേണ്ടി സർക്കാർ മൊത്തത്തിൽ ചെലവഴിക്കുന്നതിന് എല്ലാ വ്യക്തികളും നിർബന്ധമായും തങ്ങളുടെ സമ്പത്തിന്റെ ഒരു ഭാഗം സക്കാത്ത് എന്ന നിലയിൽ കൊടുക്കണമെന്ന് ഇസ്‌ലാം കൽപ്പിച്ചു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنه സൂറത്തുൽ മുഅ്മിനൂന്റെ **വല്ലദീനഹും ലിസ്സക്കാത്തി ഫായിലൂൻ**(23:5) എന്ന വചനത്തിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

പിന്നീട് പറഞ്ഞു:സത്യവിശ്വാസി അതിൽനിന്ന് അഭിവൃദ്ധിപ്പെട്ട് തന്റെ സ്വത്തുക്കൾ ദരിദ്രരുടെ അഭിവൃദ്ധിക്കുവേണ്ടി എപ്പോഴും ചെലവഴിച്ചുകൊണ്ടിരിക്കുന്നു. യഥാർഥത്തിൽ ഇസ്‌ലാം ലോകത്ത് എത്രത്തോളം വസ്തുക്കൾ കാണുന്നുണ്ടോ അതെല്ലാംതന്നെ അല്ലാഹു മനുഷ്യകുലത്തിന്റെ മൊത്തത്തിലുള്ള ഗുണത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ളതാണ്. ഏതെങ്കിലും ഒരാൾക്കുവേണ്ടി പ്രത്യേകപ്പെടുത്തപ്പെട്ടിട്ടില്ല. കാരണം ലോകത്ത് കരസ്ഥമാക്കപ്പെടുന്ന എല്ലാതരത്തിലുള്ള സമ്പത്തും മറ്റുള്ളവരുടെ സഹായത്താലാണ് കരസ്ഥമാക്കുന്നത്. തൊഴിലാളികളുടെ വേദനം കൊടുത്തതിനുശേഷവും സമ്പന്നരുടെ ധനത്തിൽ അവരുടെ അവകാശം ബാക്കി നിലനില്ക്കുന്നുണ്ട്. അതുകൊണ്ടാണ് മാനുഷികമായ സമ്പത്തുകൾ മറ്റുള്ളവരുടെ അവകാശങ്ങളുമായി കൂടിക്കലരുന്നതിൽനിന്ന് പരിശുദ്ധമാകുന്നതിനുവേണ്ടി ഇസ്‌ലാം സക്കാത്ത് കൊടുക്കാൻ കൽപ്പിച്ചത്. ഉദാഹരണത്തിന് ഒരു ഖനിയുടെ ഉടമസ്ഥൻ, ഖനിയിൽ ജോലിയെടുക്കുന്ന എല്ലാ തൊഴിലാളികളുടേയും വേതനം പൂർണമായും നല്കിയാലും അയാളെന്താണോ അടയ്ക്കുന്നത് അത് അയാളുടെ കൂലിയായിരിക്കും. വാസ്തവത്തിൽ വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് ആ ആളുകളും ആ ഖനിയിൽ ഭാഗഭാക്കായിരുന്നു. അതിനാൽ വേതനം നല്കിയതിനുശേഷവും തൊഴിലാളികൾക്ക് ലഭിച്ചിരുന്ന ആ ഉടമസ്ഥാവകാശം നിറവേറ്റപ്പെടുന്നില്ല. അവരുടെ തൊഴിലാളികൾക്ക് കുറച്ച് കൂടുതൽ തുക നല്കിയിരുന്നെങ്കിൽ അത് നിർവേറ്റപ്പെടുമായിരുന്നു. എന്നാൽ ഇങ്ങനേയും അവിടെ ജോലിചെയ്തുകൊണ്ടിരുന്ന ആ കുറച്ച് തൊഴിലാളികളുടെ അവകാശം നിറവേറ്റപ്പെടുമായിരുന്നു. പക്ഷേ, ഇതിൽ അവരെപ്പോലെതന്നെ ഭാഗഭാക്കായ മറ്റുള്ളവർ തങ്ങളുടെ

ശേഷം പേജ് 9 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി മുഅ്ത്ത യുദ്ധത്തിന്റെ അവസ്ഥകൾ വിവരിച്ചുകൊണ്ടു പറഞ്ഞു: അല്ലാഹു എനിക്കുവേണ്ടി ഭൂമിയെ ഉയർത്തിയിരിക്കുന്നു. എത്രത്തോളമെന്നാൽ ഞാൻ അവരുടെ യുദ്ധസ്ഥലം കണ്ടു.**

**ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓ വിവരിക്കുന്നു: മുഅ്ത്ത ദിവസം എന്റെ കൈയിലെ ഒമ്പതു വാൾപൊട്ടിപ്പോകുകയും വീതിയുള്ള ഒരു യമനീ വാൾ മാത്രം കൈയിലിരിക്കുകയും ചെയ്തു.**

**നബിﷺതിരുമേനി യുദ്ധത്തിൽനിന്ന് മടങ്ങിവന്ന സ്വഹാബത്തിനെ കുറിച്ച് പറഞ്ഞു: “ഇവർ ഒളിച്ചോടിയവരല്ല. പ്രത്യുത കുർറാർ അഥവാ വീരശൂരപരാക്രമികളാണ്.”**

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓ ഹദ്റത്ത് ജഅ്ഫറിന്റെ മകൻ അബ്ദുല്ലായ്ക്ക് സലാം ചൊല്ലുമ്പോൾ അസ്സലാമു അലയ്ക്ക യബ്ന ദിൽജനാഹയ്ൻ എന്നു പറയുമായിരുന്നു. അല്ലയോ രണ്ടു ചിറകുള്ളവന്റെ മകനേ! നിന്നിൽ സമാധാനമുണ്ടാകട്ടെ.**

**ഗസ്‌വാത്തിന്റേയും സരിയ്യത്തിന്റേയും പശ്ചാത്തലത്തിൽ നബിചരിത്രവിവരണം**

**പാക്കിസ്താനും ഇന്ത്യയും തമ്മിൽ ഇപ്പോൾ നടന്ന യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അഹ്മദികൾ സ്വതന്ത്രപരമായ നിലയിലുള്ള ചർച്ചകളിൽനിന്ന് പിന്മാറാനും രഞ്ജിപ്പിന്റേയും സമാധാനത്തിന്റേയും സന്ദേശം നല്കാനും പീഡിതരായ ഫലസ്തീൻ ജനതയ്ക്കുവേണ്ടി ദുആ ചെയ്യാനും ആഹ്വാനം.**

**ഖുത്വ്ബ ജുമുഅ 2025 മെയ് 9, 1404 ഹിജ്റത്ത് 09, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മുഅ്ത്ത യുദ്ധത്തിന്റെ കൂടുതൽ വിവരങ്ങളിപ്രകാരമാണ് വന്നിട്ടുള്ളത്. ഹദ്റത്ത് ഔഫ് ബിൻ മാലിക് അശ്ജയീؓനിവേദനം. അദ്ദേഹം പറഞ്ഞു: “ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയോടൊപ്പം പുറപ്പെട്ട സംഘത്തിൽ ഞാനും യാത്ര തിരിച്ചു. ഞാൻ ഒരു യമനിയെ കാണാനിടയായി. അയാളുടെ കൈയിൽ ഒരു വാളുമാത്രമെ ഉണ്ടായിരുന്നുള്ളു. മുസ്‌ലിമായ ഒരാൾ ഒട്ടകത്തെ അറുത്തപ്പോൾ അയാൾ ഒട്ടകത്തോൽ ആവശ്യപ്പെട്ടു. അത് അയാൾക്ക് നല്കി. അതുകൊണ്ട് പരിചപോലെയൊന്ന് അയാളുണ്ടാക്കി.” പറയുന്നു: “ഞങ്ങൾ യാത്ര തുടർന്നു. റോമൻ സൈന്യവുമായി ഞങ്ങളേറ്റുമുട്ടി. അതിലൊരാൾ തവിട്ടുനിറമുള്ള കുതിരപ്പുറത്തായിരുന്നു. അയാളുടെ പക്കൽ തങ്കനിറമുള്ള ജീനിയും സ്വർണനിറമുള്ള ആയുധങ്ങളുമുണ്ടായിരുന്നു. റോമക്കാരൻ മുസ്‌ലിമീങ്ങളെ വെല്ലുവിളിച്ചു. ഒരു പാറയുടെ പിന്നിൽനിന്ന് ആ യമനീ അയാളുടെ നേരെ വന്നു. ആ ശത്രുവിന്റെ കുതിരയുടെ കുളമ്പുകൾ വെട്ടി. യുദ്ധം കൊടുംമ്പിരികൊണ്ടു. റോമക്കാരൻ നിലംപതിച്ചു. അയാൾ വാളുമേന്തി അയാളുടെമേൽ കയറിയിരുന്നു. അങ്ങനെ ആ മുസ്‌ലിം അയാളുടെ കഥകഴിച്ചു. അയാളുടെ കുതിരയും ആയുധങ്ങളും പിടിച്ചെടുത്തു. അല്ലാഹു മുസ്‌ലിമീങ്ങൾക്ക് വിജയം പ്രദാനം ചെയ്തപ്പോൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ആ മുസ്‌ലിമിന് സന്ദേശമയച്ചു. അതായത് റോമക്കാരനെ വധിച്ച വ്യക്തിക്ക് ആളയച്ച് അൽപം യുദ്ധമുതൽ നല്കാൻ ആവശ്യപ്പെട്ടു. അതായത് യുദ്ധമുതൽ ഏൽപ്പിക്കാൻ ആവശ്യപ്പെട്ടു.” ഹദ്റത്ത് ഔഫ് നിവേദനം. അദ്ദേഹം പറഞ്ഞു:“ഞാൻ ഖാലിദ് ബിൻ വലീദിന്റെ അടുത്തുവന്നു. ഞാൻ ചോദിച്ചു:അല്ലാഹു(വധിക്കപ്പെട്ടവന്റെ)യുദ്ധ മുതലിനെക്കുറിച്ച് എന്താണ് കൽപ്പിച്ചതെന്ന് താങ്കൾക്കറിയുമോ? ഖാലിദ് ബിൻ വലീദ് അടുത്ത കാലത്താണ് മുസ്‌ലിമായത്. അതുകൊണ്ട് ഘാതകനാണ് യുദ്ധമുതലെന്ന് കൽപ്പിച്ച കാര്യം അദ്ദേഹത്തിന് അറിയില്ലെന്ന് ധരിച്ചു. അതായത് ശത്രുവിനെ വധിച്ച വ്യക്തിക്കായിരിക്കും വധിക്കപ്പെട്ടവന്റെ യുദ്ധമുതലിന് അർഹതയുണ്ടാകുക. ഖാലിദ് ബിൻ വലീദ് പറഞ്ഞു:അതെ! എനിക്കറിയാം. എന്നാൽ, ഞാൻ ആ മുതൽ കൂടുതലാണെന്ന് കരുതി. അതായത് അയാൾ കൈവശംവെച്ചത് അയാൾക്കവകാശപ്പെട്ടതിലും അധികമാണെന്ന് മനസ്സിലാക്കി. അപ്പോൾ ഔഫ് പറഞ്ഞു:ആ സാധനങ്ങൾ അയാൾക്ക് തിരികെ നൽകുക. അല്ലാത്തപക്ഷം ഞാൻ നബിﷺതിരുമേനിയോടു ഇക്കാര്യം പറയുന്നതായിരിക്കും. എന്നാൽ, ഖാലിദ് സാധനങ്ങൾ തിരികെ ഏൽപ്പിക്കാൻ വിസമ്മതിച്ചു. അപ്പോൾ ഔഫ് പറഞ്ഞു:അങ്ങനെയാണെങ്കിൽ നമുക്ക് നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരാകാം. ഞാൻ ആ വ്യക്തിയുടെ സംഭവവും ഹദ്റത്ത് ഖാലിദിന്റെ പെരുമാറ്റവും അവിടെ ബോധിപ്പിച്ചു. നബിﷺതിരുമേനി ഹദ്റത്ത് ഖാലിദിനോടു ചോദിച്ചു:താങ്കളെന്താണ് ചെയ്തത്? അദ്ദേഹം പറഞ്ഞു: ഞാൻ ആ മുതൽ അധികമാണെന്ന് മനസ്സിലാക്കി. അതായത് ആവശ്യത്തിലധികം എടുത്തതായി തോന്നിയതുകൊണ്ട് അതിൽനിന്ന് അൽപ്പം ഞാൻ തിരികെ വാങ്ങി. നബിﷺതിരുമേനി പറഞ്ഞു:അവരോടു വാങ്ങിയതെല്ലാം അവർക്ക് തിരികെ നല്കുക. ഹദ്റത്ത് ഔഫ്ؓപറയുന്നു. ഞാൻ പറഞ്ഞു:ഖാലിദേ!ഇനി വാങ്ങിച്ചോളൂ. അതായത് ഇനി താങ്കളത് എങ്ങനെ തിരിച്ചുവാങ്ങും? അതു തിരിച്ചുനല്കാൻ ഞാനപ്പോൾത്തന്നെ പറഞ്ഞതല്ലേ? എന്തായാലും ഹദ്റത്ത് ഖാലിദിനോടു ഹദ്റത്ത് ഔഫ് ഇങ്ങനെ സംസാരിക്കുമ്പോൾ അത് നബിﷺതിരുമേനി കേൾക്കാനിടയായി. അവിടന്ന് ചോദിച്ചു:എന്താണ് പറ്റിയത്? പറയുന്നു: ഞാനപ്പോൾ നടന്നതെല്ലാം വിവരിച്ചു. ആദ്യം അദ്ദേഹം എല്ലാ കാര്യങ്ങളും പറഞ്ഞിരുന്നില്ല. ഞാൻ അപ്പോൾത്തന്നെ വാങ്ങിയതെല്ലം തിരിച്ചുകൊടുക്കാൻ പറഞ്ഞിരുന്നുവെന്നും അതദ്ദേഹം കൂട്ടാക്കിയില്ലെന്നും നബിﷺതിരുമേനിയോടു പറഞ്ഞു: അത് കേട്ടതും നബിﷺതിരുമേനി ദ്വേഷപ്പെട്ടു. അവിടന്ന് പറഞ്ഞു: ഖാലിദേ! അയാൾക്ക് സാധനങ്ങളെല്ലാം നല്കേണ്ട. അതായത് നബിﷺതിരുംമേനി ആദ്യം അതെല്ലാം തിരിച്ചുകൊടുക്കാൻ പറഞ്ഞതായിരുന്നു, എന്നാൽ, ഇപ്പോൾ തിരിച്ചുകൊടുക്കേണ്ടതില്ലെന്ന് വ്യക്തമാക്കി. തുടർന്ന് ശിക്ഷണമെന്ന നിലയിൽ നബിﷺതിരുമേനി ഇപ്രകാരം ഉപദേശിച്ചു. ‘എന്റെ അമീർമാരോടു നിങ്ങളിങ്ങനെയാണോ പെരുമാറുന്നത്? കാര്യങ്ങളുടെ നല്ല വശം നിങ്ങൾക്കും ചീത്തവശം അവർക്കുമെന്നാണോ നിങ്ങൾ തീരുമാനിക്കുന്നത്? അതായത് നിങ്ങൾക്കൊരാൾ അമീറായി നിശ്ചയിക്കപ്പെട്ടാൽ ആ വ്യക്തിയോടു നിങ്ങൾ പറയുന്നത് നിങ്ങളുടെ തീരുമാനമാണ് ശരിയെന്നാണോ? ഉത്തമവും പരിശുദ്ധവുമായ ഭാഗം നിങ്ങളവകാശപ്പെടുകയും അമീറുമാർക്കായി മോശമായവശം നീക്കിവെക്കുകയുമാണോ? ഇത് അക്ഷന്തവ്യമായ തെറ്റാകുന്നു. ഇക്കാര്യം ഇപ്പോഴാണ് താങ്കൾ എന്നോടു പറഞ്ഞത്. അതുകൊണ്ട് ഞാനെന്റെ ആദ്യത്തെ കൽപ്പന പിൻവലിക്കുകയാണ്. ഖാലിദ് ചെയ്തതാണ് അതിന്റെ ശരി!

ഇവിടെ അമീർമാരുടെ അന്തസ്സ് നിലനിറുത്തി. നബിﷺതിരുമേനി

പറഞ്ഞു:നിങ്ങൾ അമീറിനെ അധിക്ഷേപിച്ചുകൊണ്ട് അവർ ചെയ്തത് തെറ്റാണെന്ന് പറയുകയാണോ? അതിനാൽ ഞാനെന്റെ മുമ്പേയുള്ള ഉത്തരവും റദ്ദാക്കുന്നു.

ഹദ്റത്ത് ജാബിർ﵁ൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു:'മുഅ്ത്ത യുദ്ധത്തിൽ ചില മുസ്‌ലിമീങ്ങൾ ശഹീദായി. മുസ്‌ലിമീങ്ങൾക്ക് യുദ്ധമുതലായി അന്യാരാധകരുടെ ചില സ്വത്തുക്കൾ ലഭിച്ചു. അക്കൂട്ടത്തിൽ ഒരു മോതിരവുമുണ്ടായിരുന്നു. ഒരാൾ അത് നബിﷺതിരുമേനിയുടെ മുമ്പിൽ സമർപ്പിച്ചു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: ആ മോതിരം നബിﷺതിരുമേനി എനിക്കു നല്കിയതാണ്. ഹദ്റത്ത് ഖുസയ്മ ബിൻ ഥാബിത്ത്﵁വിവരിക്കുന്നു: ഞാൻ മുഅ്ത്ത യുദ്ധത്തിൽ പങ്കെടുത്തു. ഒരു റോമക്കാരൻ എന്നോടു ദ്വന്ദ്വയുദ്ധത്തിന് വന്നു. ഞാൻ അയാളുടെ കഥകഴിച്ചു. അയാളൊരു അങ്കത്തൊപ്പി ധരിച്ചിരുന്നു. അതിൽ മാണിക്യക്കല്ലുകൾ പതിച്ചിരുന്നു. ആ മാണിക്യക്കല്ലുകളായിരുന്നു എന്റെ ലക്ഷ്യം. ഞാൻ അവ കൈവശപ്പെടുത്തി. ഞാൻ നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ വന്നപ്പോൾ ആ മാണിക്കക്കല്ലുകൾ കാണിക്കവെച്ചു. നബിﷺതിരുമേനി അവ എനിക്ക് കനിഞ്ഞരുളി. അദ്ദേഹം പറയുന്നു: ഞാൻ അത് ഹദ്റത്ത് ഉഥ്മാൻഗനി﵁ന്റെ കാലത്ത് ആയിരം ദീനാറിന് വിറ്റു. ഞാനതുകൊണ്ട് ഒരു ഈന്തപ്പനത്തോപ്പ് വാങ്ങി. അല്ലാമ ഇബ്നു കഥീർ എഴുതുന്നു:ഈ നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നത് മുസ്‌ലിമീങ്ങൾക്ക് യുദ്ധമുതലും ആർജിക്കാനായെന്നാണ്. അതായത് പരാജയം നേരിട്ടില്ലെന്നാണ്. ഗനീമത്തു മുതലുകൾ അഥവാ സമരാർജിത സ്വത്തുക്കൾ ലഭിച്ചു. പരാജയത്തിന്റെ പ്രശ്നംതന്നെ ഉദിക്കുന്നില്ല. അവർ മടങ്ങിവന്നത് ഒരു സൈനികതന്ത്രത്തിന്റെ ഭാഗമായിട്ടായിരുന്നു. എന്തായാലും പറയുന്നു:അവർ ശത്രുപ്രമാണിമാരുടെ സ്വത്തുക്കൾ കീഴടക്കി. അവരുടെ നേതാക്കളെ വകവരുത്തുകയും ചെയ്തു.

ഹദ്റത്ത് ഖാലിദ് ബിൻ വലീദ് വിവരിക്കുന്നു. മുഅ്ത്ത ദിവസം എന്റെ കൈയിലെ ഒമ്പത് വാൾ പൊട്ടി. വീതിയുള്ള ഒരു യമനീ വാൾ മാത്രമെ ബാക്കിയുണ്ടായിരുന്നുള്ളൂ.

അല്ലാമ മുഹമ്മദുബ്നു യൂസുഫ് പറയുന്നു: ഈ നിവേദനത്തിൽനിന്ന് വ്യക്തമാകുന്നത് മുസ്‌ലിമീങ്ങൾ അന്യാരാധകരെ വ്യാപകമായി കൊന്നൊടുക്കിയെന്നാണ്. അല്ലാതെ അന്യാരാധകരിൽനിന്ന് രക്ഷപ്പെടാനാകുമായിരുന്നില്ല. കാരണം മുസ്‌ലിമീങ്ങളുടെ അംഗബലം മൂവായിരവും അന്യാരാധകരുടെ അംഗബലം രണ്ടുലക്ഷത്തിൽപരവുമായിരുന്നു. മുസ്‌ലിമീങ്ങളുടെ മേധാവിത്വത്തിന് ഇതൊന്നുമാത്രം പ്രബലമായ തെളിവാണ്. വല്ലാഹു അഅ്‌ലം. ഇബ്നു ഇസ്ഹാഖിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഖുത്ബഹ് ബിൻ ഖത്താദ മുസ്‌ലിമീങ്ങളുടെ വലതുഭാഗത്തിന്റെ അമീറായിരുന്നു. അദ്ദേഹം മാലിക് ബിൻ റാഫിലയുടെമേൽ ആക്രമണം നടത്തി. അയാൾ ക്രിസ്തീയ ബദ്‌വികളുടെ നേതാവായിരുന്നു. അദ്ദേഹം അയാളെ വധിച്ചു. ഹദ്റത്ത് ഖുത്ബ ഇതിൽ അഭിമാനിച്ചുകൊണ്ട് അറബി കവിതകളിൽ പറയുന്നു:'ഞാൻ റാഫില ബിൻ അറാശിന്റെ മകനുനേരെ കുന്തമെറിഞ്ഞപ്പോൾ അതയാളുടെ ശരീരത്തിൽ ആഴ്ന്നിറങ്ങി. അതിന്റെ മുന ഒടിഞ്ഞു. ഞാൻ അയാളുടെ കഴുത്തിൽ ആഞ്ഞുവെട്ടിയപ്പോൾ മുള്ളുമരമായ സലമിന്റെ കൊമ്പു കുനിയുന്നതുപോലെ അയാൾ ചാഞ്ഞു. ഞങ്ങൾ ആടുമാടുകളെ തെളിക്കുന്നതുപോലെ അവരുടെ പിതൃവ്യപുത്രന്മാരുടെ ഭാര്യമാരേ തെളിച്ചു. ഹദ്റത്ത് അസ്മാ ബിൻത് അമീസ്﵂വിവരിച്ചു: ഹദ്റത്ത് ജഅ്ഫറും കൂട്ടരും ശഹീദായ ദിവസം നബിﷺതിരുമേനി ഞങ്ങളുടെ വീട്ടിൽ വന്നു. അവിടന്ന് പറഞ്ഞു:'എന്റെയടുത്ത് ജഅ്ഫറിന്റെ﵁മക്കളെ കൊണ്ടുവരിക.' ഞാൻ നബിയുടെയടുക്കൽ അവരെ കൊണ്ടുവന്നു. നബിﷺതിരുമേനി അവരെ ചേർത്തുപിടിച്ചു. നബിയുടെ കണ്ണുകൾ അപ്പോൾ നിറഞ്ഞിരുന്നു. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്. അങ്ങ് കരയുന്നതെന്തിനാണ്? അങ്ങയ്ക്ക് ജഅ്ഫറിനേയും കൂട്ടുകാരേയും കുറിച്ച് വല്ലവിവരവും ലഭിച്ചിട്ടുണ്ടോ? അവിടന്ന് പറഞ്ഞു:ഇന്ന് അവരുടെ ശിരസ്സുകൾ ശഹാദത്തിന്റെ കിരീടത്താൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'ഞാനെഴുന്നേറ്റ് കരയാൻ തുടങ്ങി. എനിക്കു ചുറ്റും സ്ത്രീകൾ തടിച്ചുകൂടി. നബിﷺതിരുമേനി തന്റെ ഭാര്യമാരുടെ അടുത്തുപോയി. അവിടന്ന് പറഞ്ഞു:'ജഅ്ഫറിന്റെ കുടുംബത്തെ നിങ്ങൾ ശ്രദ്ധിക്കാതിരിക്കരുത്. അവർക്ക് ഭക്ഷണം തയ്യാറാക്കുക. അവരുടെ ഭർത്താക്കന്മാരുടെ മരണം അവരെ ഇന്ന് അസ്വസ്ഥരാക്കിയിരിക്കുകയാണ്.' അതായത് ഇന്ന് അവരുടെ വീടുകളിൽ ഭക്ഷണമെത്തിക്കാൻ പറഞ്ഞു.

ഹദ്റത്ത് അനസ്﵁നിവേദനം. അദ്ദേഹം പറഞ്ഞു:'നബിﷺതിരുമേനി മിമ്പറിൽക്കയറി. ഹദ്റത്ത് സയ്ദ്﵁, ഹദ്റത്ത് ജഅ്ഫർ﵁,ഹദ്റത്ത് ഇബ്നുറവാഹ﵁ എന്നിവർ ശഹീദായ വിവരം അറിയിച്ചു. അന്നായിരുന്നു അവർ ശഹീദായത്. എന്നാൽ, ബാഹ്യമായ നിലയിൽ അവരുടെ ശഹാദത്തിന്റെ വാർത്ത ലഭിച്ചിരുന്നില്ല. റസൂലുല്ലാഹിﷺപറഞ്ഞു:'ഇപ്പോൾ ഹദ്റത്ത് സയ്ദ് ഇസ്‌ലാമിന്റെ പതാക ഉയർത്തിയിരിക്കുന്നു-അതുപറയുമ്പോൾ അദ്ദേഹം ശഹീദായിട്ടുണ്ടായിരുന്നു. തുടർന്ന് ഹദ്റത്ത് ജഅ്ഫർ﵁ഇസ്‌ലാമിന്റെ പതാക കൈയിലേന്തി. അദ്ദേഹവും ശഹീദായി. അതിനുശേഷം ഇസ്‌ലാമിക പതാക ഹദ്റത്ത് അബ്ദുല്ലാഹ് കൈയിലെടുത്തിരിക്കുകയാണ്. അദ്ദേഹവും ശഹീദായിരിക്കുന്നു. നബിﷺതിരുമേനിയുടെ കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. എന്നിട്ട് പറഞ്ഞു, ഇപ്പോൾ ഇസ്‌ലാമിന്റെ പതാക അല്ലാഹുവിന്റെ വാളുകളിൽ ഒരു വാൾ ഉയർത്തിപ്പിടിച്ചിരിക്കുന്നു. അങ്ങനെ അല്ലാഹു ഇസ്‌ലാമിന് വിജയം നല്കിയിരിക്കുകയാണ്.

ഒരു നിവേദനത്തിലുണ്ട്, ഹദ്റത്ത് യഅ്‌ലാ ബിൻ ഉമയ്യ﵁മുഅ്ത്തക്കാരുടെ വാർത്തയുമായി നബിﷺതിരുമേനിയുടെ അടുത്തു വന്നു. അവിടന്ന് പറഞ്ഞു:താങ്കളിഷ്ടപ്പെടുന്നെങ്കിൽ താങ്കളെനിക്ക് പറഞ്ഞുതരിക. ഇനി താങ്കളിഷ്ടപ്പെടുകയാണെങ്കിൽ ഞാൻ അവരെക്കുറിച്ച് താങ്കൾക്കു പറഞ്ഞുതരാം. നബിﷺതിരുമേനി പറഞ്ഞു:എനിക്കും അല്ലാഹു വിവരങ്ങൾ അറിയിച്ചുതന്നിരിക്കുന്നു. ആദ്യം താങ്കളാണോ പറയുന്നത്? അതോ ഞാൻ പറഞ്ഞാൽ മതിയോ? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് എനിക്കു പറഞ്ഞു തന്നാലും. അപ്പോൾ അദ്ദേഹത്തിന് നബിﷺതിരുമേനി എല്ലാ കാര്യങ്ങളും പറഞ്ഞുകൊടുത്തു. അദ്ദേഹം പറഞ്ഞു: അങ്ങയെ സത്യവുമായി അയച്ച അസ്തിത്വത്തെക്കൊണ്ടു സത്യം!അങ്ങ് നടന്ന സംഭവങ്ങളെല്ലാം ഒരക്ഷരംപോലും വിടാതെ വിവരിച്ചിരിക്കുന്നു. നബിﷺതിരുമേനി പറഞ്ഞു:അല്ലാഹു എനിക്കുവേണ്ടി ഭൂമിയെ ഉയർത്തി. ഞാൻ അവരുടെ യുദ്ധത്തിന് സാക്ഷിയായി. ഞാൻ അവരെ സ്വപ്നത്തിൽ കണ്ടു. അവർ സ്വർണമെത്തകളിലായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടെ മെത്ത അൽപം വളഞ്ഞിരിക്കുന്നത് ഞാൻ കണ്ടു. അതിന്റെ കാരണമെന്താണെന്ന് ഞാൻ അന്വേഷിച്ചു. അപ്പോൾ എന്നോടു പറയപ്പെട്ടു: മറ്റു രണ്ടുപേരും നേരെ യുദ്ധത്തിലേക്ക് കുതിച്ചു. എന്നാൽ, അബ്ദുല്ലാഹ് ആദ്യം അൽപ്പം ആശയക്കുഴപ്പത്തിലായിരുന്നു. പിന്നീടാണ് മുന്നോട്ടു കുതിച്ചത്. അദ്ദേഹത്തിന്റെ സംശയാവസ്ഥയെ കുറിച്ച് മുൻ ഖുത്ബയിൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹംതന്നെയുഇപ്രകാരം വെളിപ്പെടുത്തിയിരുന്നു. അതായത് ഞാൻ ആദ്യം യുദ്ധം ചെയ്യേണ്ടെന്ന് കരുതിയതാണെന്ന്!

ഒരു നിവേദനം ഇപ്രകാരമാണ്. നബിﷺതിരുമേനി പറഞ്ഞു:ജഅ്ഫർ﵁, സയ്ദ്﵁, ഇബ്നുറവാഹ﵁എന്നിവരെ എനിക്ക് കാണിക്കപ്പെട്ടു. അവർ മുത്തുകൾ പതിച്ച കൂടാരത്തിലായിരുന്നു. ഹദ്റത്ത് സയ്ദിന്റേയും ഹദ്റത്ത് ഇബ്നു റവാഹയുടേയും കഴുത്തിൽ വളവുള്ളതായി ഞാൻ കണ്ടു. എന്നാൽ, ഹദ്റത്ത് ജഅ്ഫറിന്റെ കഴുത്ത് നേരെയായിരുന്നു. പറയപ്പെട്ടു, ഇവരിരുവർക്കുംമേൽ മരണം നിഴലിട്ടപ്പോൾ ഇവർ അതിനെതിരെ വിമർശനമുയർത്തി. അതായത് അവരതിൽ വൈമുഖ്യം കാണിച്ചു. എന്നാൽ, ഹദ്റത്ത് ജഅ്ഫർ﵁അങ്ങനെ ചെയ്തില്ല. അല്ലാഹു അദ്ദേഹത്തിന് രണ്ടു കൈകൾക്കുപകരം രണ്ടു ചിറകുകൾ പ്രദാനം ചെയ്തു. അവയുമായി അദ്ദേഹം സ്വർഗത്തിൽ ഇഷ്ടമുള്ളിടത്ത് പറന്നു നടക്കുകയാണ്.

ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. 'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ﵁ഹദ്റത്ത് ജഅ്ഫറിന്റെ മകൻ അബ്ദുല്ലായ്ക്ക് സലാം ചൊല്ലുമ്പോൾ അസ്സലാമു അലയ്ക്ക യബ്ന ദിൽജനാഹയ്ൻ എന്നു പറയുമായിരുന്നു. അല്ലയോ രണ്ടു ചിറകുള്ളവന്റെ മകനേ!നിന്നിൽ സമാധാനമുണ്ടാകട്ടെ.' *(സുബുലുൽഹുദാ വർറശാദ് വാള്യം 6, പേജ് 151-154, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ചില വിഷയങ്ങൾ വിവരിക്കുമ്പോൾ ഇപ്രകാരം പറഞ്ഞു: ചില സങ്കീർണമായ വിഷയങ്ങൾ ചിലർക്ക് മനസ്സിലാകും, ചിലർക്ക് മനസ്സിലാകുകയില്ല. അറിവുള്ളവർ മറ്റുള്ളവർക്ക് ഈ വിഷയങ്ങൾ മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ചിലപ്പോൾ ഇപ്പറഞ്ഞ കൂട്ടർ സ്വയം വിചിന്തനം നടത്താത്ത കാരണത്താൽ മനസ്സിലാക്കുന്നില്ല. അല്ലെങ്കിൽ അവരുടെ ഹൃദയം ഏതെങ്കിലും പാപം കാരണത്താൽ ദൈവാനുഗ്രഹം ആകർഷിച്ചെടുക്കാൻ പ്രാപ്തമല്ലായെന്നും വരാം. ഇത്തരത്തിലുള്ള സങ്കീർണവിഷയങ്ങൾ രണ്ടുതരത്തിലാണ് പൊതുവെ ഉണ്ടാകാറുള്ളത്. ഒന്ന് സൂക്ഷ്മദർശനങ്ങളുൾക്കൊള്ളുന്ന വൈജ്ഞാനിക വിഷയങ്ങൾ. ഉദാ: തൗഹീദ്. അല്ലാഹു ഏകനാണെന്ന് എല്ലാവർക്കും മനസ്സിലായെന്നു വരാം. എന്നാൽ, മനുഷ്യന്റെ സകല കർമങ്ങളിലും അല്ലാഹുവിന്റെ ഏകത്വം എങ്ങനെ പ്രഭാവം

ചെലുത്തുന്നുവെന്ന സ്വൂഫീ ചിന്താധാരയുടെ സൂക്ഷ്മതലങ്ങൾ മനസ്സിലാക്കാൻ ദൈവപരിജ്ഞാനിയുടെ ആവശ്യമുണ്ട്. ഈ മസ്അലകൾ(മതപ്രശ്നങ്ങൾ)മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ആലിം അഥവാ മതപണ്ഡിതന്റെ ആവശ്യമുണ്ട്. എല്ലാവർക്കും അതിന്റെ അതിസൂക്ഷ്മത പുറത്തെടുക്കാൻ സാധ്യമല്ല. പക്ഷേ, വിശുദ്ധ ഖുർആൻ മറ്റൊരു ദൈവത്തെ വിശ്വസിക്കുന്നില്ലെന്ന കാര്യം എന്തായാലും മനസ്സിലാക്കുന്നതായിരിക്കും. കാരണം അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:അല്ലാഹു ഏകനാണ്.

"രണ്ടാമതായി അത്തരം അർഥങ്ങളെ സംബന്ധിച്ചുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ്. അതാണെങ്കിൽ വൈജ്ഞാനികപരമല്ലാത്തതും എന്നാൽ, അത് ഈ ഭാഷയിൽ വിവരിക്കപ്പെട്ടിട്ടുള്ളതുമായതുകൊണ്ട്, ഇതിനെ തശ്ബീഹ് എന്നും ഇസ്തിആറ എന്നുമാണ് പറയുന്നത്." ചിലതാണെങ്കിൽ വൈജ്ഞാനികമായ പ്രശ്നങ്ങളുമല്ല. ചിലത് സുപ്രധാന വാക്യങ്ങളും ഭാഷാപ്രയോഗവും ആകുന്നു. അവ ആളുകൾക്ക് മനസ്സിലാകുകയില്ല. അത് വിവരിക്കുകയാണെങ്കിൽ ചിലർ അതിന്റെ വിപരീതാർഥമായിരിക്കും എടുക്കുക." അവിടന്ന് പറയുന്നു: സാധാരണക്കാർക്ക് അത്തരം ഭാഷ അറിയാത്തതിനാൽ യഥാർഥമല്ലാത്ത അർഥമായിരിക്കും അവരെടുക്കുക." അതിന് അവിടന്നൊരു ഉദാഹരണം നല്കിയിരിക്കുന്നു. ഉദാഹരണത്തിന് നബിﷺതിരുമേനിയുടെ കാലത്ത് ഒരു സംഭവമുണ്ടായി. ശാമിലേക്കുള്ള യുദ്ധനീക്കത്തിൽ നബിﷺതിരുമേനി ഹദ്റത്ത് സയ്ദിനെ സൈന്യാധിപനായി നിശ്ചയിച്ചുകൊണ്ടു പറഞ്ഞു:"സയ്ദ് വധിക്കപ്പെട്ടാൽ ജഅ്ഫർ ബിൻ അബീത്വാലിബ് സൈന്യത്തെ നയിക്കുന്നതായിരിക്കും. അദ്ദേഹവും വധിക്കപ്പെട്ടാൽ അബ്ദുല്ലാഹ് ബിൻ റവാഹഃ‌ؓനേതൃത്വം ഏറ്റെടുക്കുന്നതായിരിക്കും. അങ്ങനെ നബിﷺതിരുമേനി പറഞ്ഞതുപോലെതന്നെ സംഭവിച്ചു. ഹദ്റത്ത് സയ്ദ്ؓ, ഹദ്റത്ത് ജഅ്ഫർؓ, ഹദ്റത്ത് അബ്ദുല്ലാഹ്ؓ ഈ മൂന്നുപേരും ശഹീദായി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓസൈന്യത്തെ നയിച്ചുകൊണ്ട് സുരക്ഷിതമായി തിരിച്ചുകൊണ്ടുവന്നു. ഈ വാർത്ത മദീനയിലെത്തിയപ്പോൾ വിധവകളായവരും മക്കൾ മരണപ്പെട്ട മാതാപിതാക്കളും ശരീഅത്ത് അനുവദിച്ച നിലയിൽ കരയാൻ തുടങ്ങി. അല്ലാഹുവിന്റെ റസൂൽﷺദുഃഖം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ജഅ്ഫറിനെ ഓർത്ത് വിലപിക്കാൻ ആരുമില്ലേ? സ്ത്രീകൾ സംഘടിച്ച് അലമുറയിട്ടു കരയുക എന്നതായിരുന്നില്ല നബിﷺതിരുമേനി ഉദ്ദേശിച്ചത്. അവിടത്തെ ബന്ധുക്കളായതിനാൽ നബിﷺതിരുമേനി ഖേദം പ്രകടിപ്പിക്കുകയായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു:"നബിﷺതിരുമേനി ഇങ്ങനെ പറഞ്ഞതുകൊണ്ട് ഞാൻ മനസ്സിലാക്കിയിടത്തോളം, നബിﷺതിരുമേനി ഒരിക്കലുംതന്നെ ജഅ്ഫറിനുവേണ്ടി ആരെങ്കിലും കരയണമെന്നല്ല ഉദ്ദേശിച്ചത്. പ്രത്യുത തങ്ങളുടെ സഹോദരനും ഈ യുദ്ധത്തിൽ ജീവൻവെടിഞ്ഞില്ലേ, എന്നിട്ട് ഞങ്ങൾ വിലപിക്കാത്തതുകൊണ്ട് നിങ്ങളും ക്ഷമ കൈക്കൊള്ളുകയാണ് വേണ്ടതെന്നായിരുന്നു. നബിﷺതിരുമേനിയുടെ മനസ്സിലുണ്ടായിരുന്ന കാര്യം അതു മാത്രമായിരുന്നു. കാരണം ഹദ്റത്ത് ജഅ്ഫറിന്റെ ഉറ്റവരെന്ന് പറയുന്നത് നബിﷺതിരുമേനിയും ഹദ്റത്ത് അലിയുമായിരുന്നു. അവർ സമൂഹത്തിൽ ഉന്നതസ്ഥാനീയരായതുകൊണ്ട് നിലവിളിക്കാൻ കഴിയില്ലായിരുന്നു. നബിﷺതിരുമേനിക്കും ഉറക്കെ നിലവിളിക്കാൻ കഴിയുമായിരുന്നില്ല. ഹദ്റത്ത് അലിؓയും അതുപോലെതന്നെ!അവർക്ക് ശരിയായ കാര്യഗ്രാഹ്യമുണ്ടായിരുന്നു. അതിനാൽ ഒരുപക്ഷേ, നബിﷺതിരുമേനി ജഅ്ഫറിനുവേണ്ടി വിലപിക്കാനാരുമില്ലല്ലോ എന്നു പറഞ്ഞതുകൊണ്ടുദ്ദേശിച്ചത് എന്റെ സഹോദരൻ ജഅ്ഫറിന്റെ വിയോഗത്തിൽ ഞാൻ വിലപിക്കുന്നില്ലല്ലോ എന്ന കാര്യം വ്യക്തമാക്കുകയായിരുന്നു. അൻസ്വാർ ഇക്കാര്യം കേട്ടപ്പോൾ, നബിﷺതിരുമേനി പറഞ്ഞ എല്ലാ വാക്കുകളും പൂർത്തിയാക്കാൻ വളരെ ആവേശമുള്ളവരായതിനാൽ അവർ തങ്ങളുടെ വീടുകളിൽച്ചെന്ന് സ്ത്രീകളോടു പറഞ്ഞു, ഇവിടെ കിടന്ന് അലമുറകൂട്ടാതെ ജഅ്ഫറിന്റെ വീട്ടിൽപ്പോയി വിലപിക്കുക. അങ്ങനെ സ്ത്രീകളെല്ലാം ജഅ്ഫറിന്റെ വീട്ടിൽ ഒത്തുകൂടി ഉറക്കെ വിലപിക്കാൻ തുടങ്ങി. ബഹളംകേട്ട് നബിﷺതിരുമേനി പുറത്തിറങ്ങി കാര്യം അന്വേഷിച്ചു. അൻസ്വാർ പറഞ്ഞു:'യാ റസൂലല്ലാഹ്! ജഅ്ഫറിനെക്കുറിച്ചോർത്ത് വിലപിക്കാനാരുമില്ലേ എന്ന് അങ്ങ് ചോദിച്ചില്ലേ! അതുകൊണ്ട് ഞങ്ങൾ ജഅ്ഫറിന്റെ വീട്ടിൽ ഞങ്ങളുടെ സ്ത്രീകളെ പറഞ്ഞയച്ചതാണ്. അവരാണ് അവിടെ വാവിട്ട് നിലവിളിക്കുന്നത്.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:'ഞാനിതല്ല ഉദ്ദേശിച്ചത്. പെട്ടെന്ന് പോയി അവരോടു ഇതു നിറുത്താൻ പറയുക!അവർ കരയുന്നില്ലല്ലോ അതുകൊണ്ട് നിങ്ങളും സംയമനം പാലിക്കുക എന്നാണ് ഞാനുദ്ദേശിച്ചത്.' അങ്ങനെ ഒരാൾ അവിടെപ്പോയി അവരെ വിലക്കി. അപ്പോൾ അവർ ചോദിച്ചു:'ഞങ്ങളെ ഇതിൽനിന്ന് തടയാൻ താങ്കളാരാണ്?' നബിﷺതിരുമേനി വളരെ വിഷമത്തോടെ പറഞ്ഞത് ഇന്ന് ജഅ്ഫറിനു വേണ്ടി കരയാൻ ആരുമില്ലല്ലോ എന്നാണ്. അപ്പോൾ താങ്കളെന്തിനാണ് ഞങ്ങളെ അതിൽനിന്ന് വിലക്കുന്നത്? അതു കേട്ടതും അയാൾ നബിﷺതിരുമേനിയുടെ അടുത്തു മടങ്ങിവന്നു. ഹദ്റത്ത് മുസ്‌ലിഹ് മഊദ്ؓപറയുന്നു: എന്തു നിസ്സാരസംഗതി കിട്ടിയാലും മറ്റുള്ളവരിലേക്കെത്തിക്കാൻ നല്ല താൽപര്യമുള്ള ചിലരുണ്ട്. അതുകേട്ടപ്പോൾ അയാൾ നബിﷺതിരുമേനിയോടു പറഞ്ഞു: 'ഞാൻ പറഞ്ഞിട്ട് അവർ കേൾക്കുന്നില്ല.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു, 'അവരുടെ തലയിൽ മണ്ണിടുക.' ഇതൊരു പ്രയോഗമാണ്. ഇനിയൊന്നും പറയണ്ട, അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. മതിയാകുമ്പോൾ തനിയെ നിറുത്തിക്കൊള്ളും എന്നാണ് അതിന്റെ അർഥം. പക്ഷേ, അതുകേട്ടതും അയാൾ തന്റെ പുതപ്പിൽ മണ്ണുവാരി നിറയ്ക്കാൻ തുടങ്ങി. അയാൾ അക്ഷരാർഥത്തിൽ അതു ചെയ്യാൻ ധിറുതിപ്പെട്ടു. എന്നിട്ട് ആ സ്ത്രീകളുടെമേൽ മണ്ണുവിതറാൻ തുടങ്ങി. അവർ അയാളോടു ചോദിച്ചു: 'നിനക്കെന്താ ഭ്രാന്താണോ? നീ എന്താണീ ചെയ്യുന്നത്?' അയാൾ പറഞ്ഞു: 'നബിﷺതിരുമേനി ഇങ്ങനെ ചെയ്യാൻ പറഞ്ഞ സ്ഥിതിക്ക് ഞാൻ മണ്ണിടുകതന്നെ ചെയ്യും!' അതൊരു ആലങ്കാരിക ഭാഷയായിരുന്നു. അതിനെ അയാൾ ബാഹ്യാർഥത്തിൽ മനസ്സിലാക്കിയതാണ്. ഇക്കാര്യം ഹദ്റത്ത് ആഇശؓഅറിയാനിടയായി. അപ്പോൾ ഹദ്റത്ത് ആഇശؓഅയാളെ ശകാരിച്ചു. എന്നിട്ടു പറഞ്ഞു:"നിനക്ക് കാര്യം മനസ്സിലായിട്ടില്ല. നബിﷺതിരുമേനി ഉദ്ദേശിച്ചത്, ഇനി അവരെ വിട്ടേക്കുക, അവർ സ്വയം നിറുത്തിക്കൊള്ളുമെന്നാണ്. അല്ലാതെ അവരുടെമേൽ മണ്ണുവാരിവിതറാനല്ല!' നബിﷺതിരുമേനി ആലങ്കാരിക ഭാഷയിലാണ് സംസാരിച്ചത്. എന്നാൽ, അയാൾ ശരിക്കും മണ്ണിട്ടു! ഇങ്ങനെ ആലങ്കാരിക ഭാഷാപ്രയോഗങ്ങളുടെ പൊരുൾ മനസ്സിലാക്കാൻ ചിലർ ശ്രമിക്കാറില്ല. ഇവിടെത്തന്നെ നോക്കുക!ഒരു പുരുഷന് കാര്യം പിടികിട്ടിയില്ല. കാരണം അതിനു മാത്രം ബുദ്ധി അയാൾക്കുണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് ആഇശؓയ്ക്ക് കാര്യം മനസ്സിലായി. ചിലപ്പോൾ അക്ഷരാർഥം സ്വീകരിച്ച് യാഥാർഥ്യത്തിന് കടകവിരുദ്ധമായി പ്രവർത്തിക്കുന്നു. അങ്ങനെ സംഗതി കൈവിട്ടുപോകുകയും ചെയ്യും."*(ഫളാഇലുൽ ഖുർആൻ(6)അൻവാറുൽ ഉലൂം വാള്യം 14, പേജ് 351-354)*

ഈ സംഭവത്തിൽനിന്ന് സ്വഹാബാക്കൾക്ക് നബിﷺതിരുമേനിയോടുള്ള സ്നേഹവും പ്രകടമാകുന്നുണ്ട്. മറ്റൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഇതേ സംഭവം വിവരിച്ചശേഷം ഇപ്രകാരം പറയുന്നു:"സ്വഹാബാക്കൾ മരണവിലാപം നടത്താൻ തങ്ങളുടെ സ്ത്രീകളെ ജഅ്ഫർؓന്റെ വീട്ടിൽ അയച്ച സംഭവത്തിൽനിന്ന് അവർക്ക് നബിﷺതിരുമേനിയോടുണ്ടായിരുന്ന അനുരക്തിയെക്കുറിച്ചും സ്പഷ്ടമാകുന്നുണ്ട്. അക്കാരണത്താൽ അവർ നബിﷺതിരുമേനിയുടെ വാക്കുകൾ കൊണ്ടുള്ള വിവക്ഷിതം മനസ്സിലാക്കാൻ നിൽക്കാതെ ഉടനടി സ്ത്രീകളോടു പറഞ്ഞു:നിങ്ങൾ നിങ്ങളുടെ സ്വന്തം ദുഃഖം മറന്ന് നബിﷺതിരുമേനിയുടെ ദുഃഖത്തിൽ പങ്കുചേരുക. ഇതിൽനിന്ന് നിങ്ങൾക്കു മനസ്സിലാകും നബിﷺതിരുമേനിയോടു അവരുടെ ഹൃദയങ്ങളിൽ എത്രമാത്രം സ്നേഹം കുടിയിരുന്നുവെന്ന്. ജഅ്ഫറിന്റെ വീട്ടിൽനിന്ന് വിലാപം കേൾക്കുന്നില്ലെന്ന് കേട്ടതും അവർ ധരിച്ചത് തങ്ങളുടെ കുടുംബക്കാരുടെ ശഹാദത്തിൽവിലപിച്ചത് തെറ്റായിപ്പോയി, യഥാർഥ ദുഃഖമെന്നത് നബിﷺതിരുമേനിക്കുണ്ടായതാണെന്നായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു: ബാഹ്യമായി നോക്കിയാൽ ഇതൊരു ചെറിയ സംഭവമാണ്. എന്നാൽ, വികാരപ്രകടനത്തിന് ഇതിനെക്കാൾ മികച്ച സംഭവങ്ങൾ ലഭിക്കുക വളരെ വിരളമാണ്. ഇക്കൂട്ടർ എപ്പോഴും നബിﷺതിരുമേനിയുടെ മുമ്പിൽ എന്തുസേവനത്തിനും സന്നദ്ധരായി നിൽക്കുന്നവരായിരുന്നു. സദാസമയവും അനുനിമിഷവും അവരുടെ സേവനങ്ങൾ നബിﷺതിരുമേനിയുടെ മുമ്പിലുണ്ടായിരുന്നു. ഒരു ഭൗതികബന്ധത്തിലും ഉപമകൾ ലഭിക്കാത്ത അതിതീവ്രസ്നേഹം അവർക്ക് നബിﷺതിരുമേനിയോടുണ്ടായിരുന്നു. ഭൗതികദൃഷ്ടിയിലൂടെ നോക്കുമ്പോൾ, വൈകാരികതലത്തിൽ ദൃഷ്ടി പായിക്കുമ്പോൾ മുഹമ്മദു റസൂലുല്ലാഹിﷺഅവരുടെ വികാരങ്ങളെ കൂടുതൽ മാനിക്കേണ്ടതായിരുന്നു. നമ്മളോടുള്ള നബിﷺതിരുമേനിയുടെ സ്നേഹം അതുമായി അപേക്ഷിച്ചു നോക്കുമ്പോൾ കുറയണമായിരുന്നു. അതായത് നമ്മൾ ആ കാലഘട്ടത്തിനുശേഷം വന്ന ജനസമൂഹമാണ്. നമ്മളോടുള്ള പ്രവാചകസ്നേഹം വളരെക്കുറവാണ് വേണ്ടിയിരുന്നത്. സ്വഹാബാക്കൾ എപ്പോഴും റസൂലിനോടു സ്നേഹം പ്രകടി

പ്പിക്കുന്നവരായിരുന്നു. എന്നാൽ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു: 'എന്നാൽ, മുഹമ്മദുﷺതിരുമേനിക്കുണ്ടായിരുന്നത് മനുഷ്യകുലത്തിനോടു അതിരറ്റ സ്നേഹമായിരുന്നു. അതിനാൽ നിങ്ങളുടെ ആത്മധൈര്യം ക്ഷയിക്കരുതെന്ന് അവിടന്നാഗ്രഹിച്ചു. അതായത് വർത്തമാന കാലത്തുള്ളവർ ധൈര്യമില്ലാത്തവരാകരുതെന്ന് അവിടന്നാഗ്രഹിച്ചു. മാത്രവുമല്ല(നമുക്കും അവർക്കും) ഇടയിലുള്ള സമൂഹത്തേയും ധൈര്യമില്ലാത്തവരാക്കരുതെന്ന് അവിടന്നാഗ്രഹിച്ചു. അതിനാൽ പിൽക്കാലത്തുള്ളവരെ കുറിച്ച് ഒരു സദസ്സിൽ നബിﷺതിരുമേനി ഇപ്രകാരം പറഞ്ഞു:'എനിക്കുശേഷം വരുന്ന എന്റെ സഹോദരന്മാർ ഇന്ന നിലയിലുള്ളവരായിരിക്കും.' അതുകേട്ടപ്പോൾ സ്വഹാബാക്കൾക്ക് അസൂയതോന്നി. അവർ ചോദിച്ചു:'അതുശരി!അവർ സഹോദരന്മാരാണല്ലോ? എന്താ ഞങ്ങൾ സഹോദരന്മാരല്ലേ? ഞങ്ങൾ അങ്ങയുടെ സഹവാസത്തിലുള്ളവരല്ലേ?' നബിﷺതിരുമേനി പറഞ്ഞു:'നിങ്ങളെന്റെ അനുചരന്മാരാണ്. അവരെന്റെ സഹോദരന്മാരും. നിങ്ങൾക്കുകിട്ടിയിട്ടുള്ള ഈ സൗഭാഗ്യം കുറഞ്ഞതാണോ? നിങ്ങളെന്നെ കാണുകയും എന്റെ സഹവാസത്തിൽ ദീനീ സേവനങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരല്ലേ? നിങ്ങൾക്ക് മഹത്തായ സൗഭാഗ്യമാണ് കൈവന്നിട്ടുള്ളത്. പിന്നീട് വരുന്നവർക്ക് എന്റെ ദർശനയോഗമുണ്ടെങ്കിലും അതുകൊണ്ട് അവരെക്കുറിച്ച് എന്തെങ്കിലും നല്ലവാക്ക് പറയാൻ അങ്ങനെ അവരിൽ പ്രചോദനമുളവാക്കാൻ എന്നെ അനുവദിക്കാത്തതെന്ത്?' ഇത്തരത്തിൽ പിൽക്കാലത്തുവരുന്ന മുസ്‌ലിമീങ്ങൾക്ക് നബിﷺതിരുമേനി പ്രോത്സാഹനം നല്കി. അതുകൊണ്ടാണ്, നോക്കൂ! നിങ്ങൾക്കെത്രമാത്രം ധൈര്യമാണ് നബിﷺതിരുമേനി പകർന്നിട്ടുള്ളത്? അവിടന്ന് പറഞ്ഞു:"എന്റെ സമുദായത്തിന്റെ ആദ്യഭാഗമാണോ അവസാന ഭാഗമാണോ മികച്ചതെന്ന്!"*(ഖുത്ബാത്തെ ശൂറാ, വാല്യം 2, പേജ് 505-507 സമാപന പ്രഭാഷണം, മജ്‌ലിസെ മുശാവറത്ത് 1940 മാർച്ച് 24)*

മുഅ്ത്തയുദ്ധത്തിലെ ശുഹദായിനെ കുറിച്ചും വേറെ നിവേദനങ്ങളുമുണ്ട്. ഹിദായ വന്നിഹായ എന്ന ഗ്രന്ഥത്തിൽ അല്ലാമ ഇബ്നുകഥീർ എഴുതുന്നു:"ആ ശുഹദാഇന്റെ എണ്ണം 12 ആയിരുന്നു. ചിലനിവേദനങ്ങളിൽ ശുഹദാഇന്റെ എണ്ണം അതിൽ കൂടുതലായിരുന്നുവെന്നും വന്നിട്ടുണ്ട്. എന്തായാലും അത് വലിയ മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതം തന്നെയാണ്. രണ്ടു സൈന്യങ്ങൾ തമ്മിൽ യുദ്ധം ചെയ്യുന്നു. അതിലൊന്ന് ദൈവമാർഗത്തിൽ യുദ്ധം ചെയ്യുന്നവരാണ്. അവർ മൂവായിരം പേരും ശത്രുസൈന്യം രണ്ടു ലക്ഷവും! അതിൽ ഒരു ലക്ഷംപേർ റോമക്കാരും ഒരു ലക്ഷംപേർ ക്രിസ്ത്യാനികളും. അവർ പരസ്പരം യുദ്ധത്തിലാണ്. എന്നിട്ടും മുസ്‌ലിമീങ്ങളിൽ 12 പേരോ ചുരുക്കം ചിലരോ മാത്രം രക്തസാക്ഷികളാകുന്നു. അന്യാരാധകരുടെ വലിയ വിഭാഗം നരകത്തിൽ പ്രവേശിച്ചു. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെؓമാത്രം അവസ്ഥ നോക്കുക. അദ്ദേഹം പറയുന്നു, 'യുദ്ധത്തിന്നിടയിൽ 9 വാൾ എന്റെ കൈയിൽനിന്ന് മുറിഞ്ഞുവീണു. ഒരു യമനീവാൾ മാത്രം അവശേഷിച്ചു.' ആ വാളുകൾകൊണ്ടെല്ലാം എത്ര അന്യാരാധകരെ അദ്ദേഹം നരകലോകത്തേക്ക് അയച്ചിട്ടുണ്ടാകും!!

മുസ്‌ലിമീങ്ങളുടെ മദീനമടക്കത്തെ കുറിച്ചും നബിﷺതിരുമേനി അവർക്കു നല്കിയ വരവേൽപ്പിനെക്കുറിച്ചുമുള്ള വിവരണം ഇപ്രകാരമാണ്: മുസ്‌ലിമീങ്ങൾ മടക്കയാത്രയിൽ ഒരു സ്ഥലത്തെത്തി. അവിടെയൊരു കോട്ടയുണ്ടായിരുന്നു. പോകുന്ന വഴി അവിടെയുള്ളവർ ഒരു മുസ്‌ലിമിനെ ശഹീദാക്കിയിരുന്നു. മുസ്‌ലിമീങ്ങൾ ആ കോട്ട വളഞ്ഞുപരോധിച്ചു കീഴടക്കി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓഅവിടെയുള്ള പൗരപ്രമുഖരെ കൊന്നൊടുക്കി. മുസ്‌ലിമീങ്ങൾ മുഅ്ത്തയിൽ നിന്നു തിരിച്ചുവന്നപ്പോൾ നബിﷺതിരുമേനിയും സ്വഹാബത്തും അവരെ സ്വാഗതം ചെയ്തു. അവർ തിരിച്ചെത്തിയതുകണ്ട് ചിലർക്ക് വല്ലാത്ത ദ്വേഷമുണ്ടായി. ഇവരെന്തെ ശഹീദായില്ലേ? ഇതെന്ത് വിജയമാണ്? ചിലർ സൈന്യത്തിനുമേൽ മണൽവാരിയെറിഞ്ഞു. എന്നിട്ടു പറഞ്ഞു: 'അല്ലയോ പിന്തിരിഞ്ഞോടിയവരേ! നിങ്ങൾ ദൈവമാർഗത്തിൽനിന്ന് ഒളിച്ചോടിയിരിക്കുന്നു. അവരെ അധിക്ഷേപിക്കാൻ തുടങ്ങി.' അതുകേട്ട് നബിﷺതിരുമേനി പറഞ്ഞു: "ഇവർ ഒളിച്ചോടിയവരല്ല. പ്രത്യുത കുർറാർ ആണ്. അതായത് അവർ വീരശൂരപരാക്രമിളാണ്."

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓനിവേദനം. അദ്ദേഹം പറയുന്നു: മുസ്‌ലിമീങ്ങൾ മുഅ്ത്തയിൽ നിന്നും മടങ്ങിവന്നപ്പോൾ ഞാനും കൂടെയുണ്ടായിരുന്നു. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു:ഞങ്ങൾ ഒളിച്ചോടിയതിൽ ലജ്ജിതരായിരുന്നു. ഞങ്ങളുടെ ധാരണ ഞങ്ങൾ അവിടം ഉപേക്ഷിച്ചു മടങ്ങി എന്നായിരുന്നു. വാസ്തവത്തിൽ ശത്രുക്കൾ അവിടെനിന്നും പിന്മാറിക്കഴിഞ്ഞിരുന്നു. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്ന് പോകാതിരുന്നതാണ്. പ്രത്യുത അവർ അവസരം മുതലെടുത്തുകൊണ്ട് ചെയ്ത നയതന്ത്രപരമായ നീക്കമായിരുന്നു. എന്നാൽ, അതും ചിലർ ഒളിച്ചോട്ടമായി കണക്കാക്കി. മദീനയിൽ പോയാൽ വധിക്കപ്പെടുന്നതാണെന്ന് അവർ പറയുമായിരുന്നു. ഞങ്ങൾ രാത്രിയിൽ മദീനയിൽ പ്രവേശിച്ച് ഒളിച്ചിരുന്നു. ചിലർ ലജ്ജാഭാരത്താൽ മദീനയിൽ രാത്രി കയറുകയും ഒളിച്ചിരിക്കുകയും ചെയ്തു. ഞങ്ങൾ പറഞ്ഞു: ഞങ്ങൾക്ക് നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി ക്ഷമാപണം നടത്താൻപ്പറ്റിയാൽ എത്ര നന്നായേനെ! ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കപ്പെട്ടാൽ നല്ലത്. അല്ലെങ്കിൽ ഞങ്ങൾ വീണ്ടും പുറപ്പെടുന്നതാണ്. അതായത് യുദ്ധ സന്നാഹത്തോടെ തിരിച്ചു പോകുന്നതാണ്. അല്ലെങ്കിൽ അവിടംവിട്ടുപോകുന്നതാണ്. ഞങ്ങൾ സ്വുബ്ഹിനമസ്കാരത്തിനു മുമ്പേ, നബിﷺതിരുമേനിയുടെ മുമ്പിൽ ഹാജരായി. അവിടന്ന് ചോദിച്ചു: ആരവിടെ? ഞങ്ങൾ പറഞ്ഞു: ഒളിച്ചോടിവന്നവർ. അവർ ലജ്ജിതരായിരുന്നു. അവർ സ്വയമേവ പേടിച്ചോടി വന്നവരാണെന്ന് പറഞ്ഞു. അവിടന്ന് പറഞ്ഞു: അല്ല. നിങ്ങൾ വീരപരാക്രമികളാണ്. ഞാൻ നിങ്ങളുടെ സംഘമാണെന്നോ അതല്ലെ ഞാൻ എല്ലാ മുസ്‌ലിമീങ്ങളുടേയും സംഘമാണെന്നോ നബിﷺതിരുമേനി പറഞ്ഞു. അപ്പോൾ, ഞങ്ങൾ നബിﷺതിരുമേനിയുടെ തിരുകരങ്ങളിൽമുത്തി.*(സുബുലുൽഹുദാ വർറശാദ്, വാല്യം 6, പേജ് 154-156, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(ഗസ് വാത്തുന്നബിﷺ, അബുൽകലാം ആസാദ്, പേജ് 177, പ്രസാധകർ സിറ്റിബുക് പവാഇന്റ് കറാച്ചി)*

നബിﷺതിരുമേനി അവരോടു വളരെ വാത്സല്യത്തോടെ പെരുമാറി.

ഇനിയുള്ളത് മറ്റൊരു സരിയ്യഃ(നബിﷺനേരിട്ട് പങ്കെടുക്കാത്ത യുദ്ധം)യാണ്. അതിന്റെ പേര് സരിയ്യ അംറ് ബിൻ ആസ് എന്നാണ്. ഈ സരിയ്യത്ത് ഹിജ്റ വർഷം 8 ജമാദുൽ ആഖറിലാണ് നടന്നത്. ഈ സരിയ്യത്ത് ഹിജ്റ വർഷം 7-ലാണ് നടന്നതെന്നും പറയപ്പെടുന്നു. ഈ സരിയ്യത്ത് മുഅ്ത്ത യുദ്ധത്തിനുശേഷമാണ് നടന്നതെന്ന കാര്യത്തിൽ ഇബ്നു ഇസ്ഹാഖല്ലാത്ത എല്ലാവരും യോജിക്കുന്നു. ഗസ് വത്ത് മുഅ്ത്ത ജമാദുൽ അവ്വൽ ഹിജ്റവർഷം 8-ലാണ് നടന്നത്.

ഈ സരിയ്യത്തിന്റെ കാരണം ഇതായിരുന്നു: ബനൂഖുളാഅയുടെ ഒരുസംഘം മദീനയുടെ പ്രാന്തപ്രദേശങ്ങളിൽ യുദ്ധത്തിനു സംഘടിക്കുന്നുണ്ടെന്ന് നബിﷺതിരുമേനിക്ക് വിവരം ലഭിച്ചു. ഖഹ്ത്വാനിയക്കാരുടെ ഗോത്രമായിരുന്നു ബനൂഖുളാഅ. മദീനയിൽനിന്ന് 10 ദിവസത്തെ യാത്രാദൂരമുള്ള വാദിയുൽഖുറാ കഴിഞ്ഞുവരുന്ന ഒരു പ്രദേശമായിരുന്നു അവരുടേത്.

ഇതു സംബന്ധമായി കൂടുതൽ വിവരണമുണ്ടായിട്ടുണ്ട്: നബിﷺതിരുമേനി അവരെ ശിക്ഷിക്കുന്നതിന് ഹദ്റത്ത് അംറ് ബിൻ ആസിയെ അയച്ചു. മക്കയിലെ നാട്ടുമൂപ്പനായ ആസ് ബിൻ വാഇലിന്റെ മകനായിരുന്നു അംറ് ബിൻ ആസ്ؓ. അദ്ദേഹം ഹിജ്റ ഏഴിലോ എട്ടിലോ ആണ് ഇസ്‌ലാം സ്വീകരിച്ചത്. ഹദ്റത്ത് അംറ്ؓപറയുന്നു:നബിﷺതിരുമേനി എനിക്കൊരു സന്ദേശമയച്ചുകൊണ്ട് എന്നോടു യുദ്ധത്തിന് മേലങ്കിയും ആയുധങ്ങളും ധരിക്കാനാവശ്യപ്പെട്ടുകൊണ്ടു പറഞ്ഞു: "അംറേ!താങ്കളെ ഒരു സൈന്യത്തിന്റെ അമീറാക്കാൻ ഞാനുദ്ദേശിക്കുന്നു. അല്ലാഹു താങ്കൾക്ക് യുദ്ധമുതലും നല്കു


• ഹദീഥുന്നബ്വിﷺ •

"ഇത്തഖുല്ലാഹ ഫിന്നിസാഇ."

സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.

ത്വാലിബെ ദുആ

C. K.MUHAMMED SHAREEF&FAMILY

AHMADIYYA JAMA-ATH VANIYAMBALAM.

• ഹദീഥുന്നബ്വിﷺ •

"അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി."

ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.

ത്വാലിബെ ദുആ

LATE T.K.SIDHIQUE AND FAMILY

KARULAI, MALAPPURAM

ന്നതാണ്. താങ്കളെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്.” ഹദ്റത്ത് അംറ്ؓപറഞ്ഞു: ‘ധനം മോഹിച്ചല്ല ഞാൻ ഇസ്‌ലാം സ്വീകരിച്ചത്.’ അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: “ഒരു നല്ല വ്യക്തിയെ സംബന്ധിച്ചിടത്തോളം അനുവദനീയമായ ധനം സമ്പാദിക്കുന്നത് എത്ര നല്ല കാര്യമാണ്? നിങ്ങൾക്ക് അങ്ങനെയൊരു ഉദ്ദേശ്യം ഉണ്ടായിരുന്നില്ലെങ്കിലും അല്ലാഹു സ്വയം നല്കുകയാണെങ്കിൽ വളരെയധികം നല്ല കാര്യമാണ്.” നബിﷺതിരുമേനി അംറിന്റെ നേതൃത്വത്തിൽ മുഹാജിരീങ്ങളുടേയും അൻസ്വാറിന്റേയും 300 പേരടങ്ങുന്ന സൈന്യം തയ്യാറാക്കി. അതിൽ 30 അശ്വഭടന്മാരുണ്ടായിരുന്നു. നബിﷺതിരുമേനി അംറിനുവേണ്ടിയൊരു വെളുത്തപതാക തയ്യാറാക്കി. അതോടൊപ്പം ഒരു കറുത്തപതാകയും നല്കി. നബിﷺതിരുമേനി ഹദ്റത്ത് അംറിനെ ഉപദേശിച്ചു: “വഴിമധ്യേ ബലിയ്യ്, ഉദ്റ, ബൽഖയ്ൻ ഗോത്രങ്ങളിലെ ആരെയെങ്കിലും കണ്ടുമുട്ടിയാൽ അവരെ കൂടെക്കൂട്ടാൻ ശ്രമിക്കേണ്ടതാണ്.” ഹദ്റത്ത് അംറിന് സവിശേഷമായ യുദ്ധനൈപുണ്യമുണ്ടായിരുന്നു. യുദ്ധതന്ത്രങ്ങളും വശമായിരുന്നു. അദ്ദേഹത്തിന്റെ യുദ്ധനൈപുണ്യം കാരണത്താലായിരുന്നു നബിﷺതിരുമേനി അദ്ദേഹത്തെ യുദ്ധത്തലവനാക്കിയത്.*(ശറഹ് അസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ വാല്യം 3, പേജ് 357-359, 361, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഉസുദുൽഗാബ വാല്യം 4, പേജ് 232, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഫർഹങ്കെ സീറത്ത് പേജ് 237, ഖുളാഅ എന്ന പദം നോക്കുക)*

ഹദ്റത്ത് അംറിനെ ആ യുദ്ധത്തിനയച്ചതിന്റെ മറ്റൊരു കാരണം ഇതായിരുന്നു: അദ്ദേഹത്തിന്റെ പിതാമഹിയ്ക്ക് ബലിയ്യ് ഗോത്രവുമായിട്ടായിരുന്നു ബന്ധം. അതുകൊണ്ട് ബലിയ്യ് ഗോത്രവുമായി നല്ല ബന്ധങ്ങൾ നിലനിറുത്തുന്നതിനുവേണ്ടി അദ്ദേഹം നല്ലൊരു മാർഗമാകുമായിരുന്നു. *(സീറത്ത് ഇബ്നു ഹിശാം പേജ് 879, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇസ്‌ലാമിക സൈന്യം പുറപ്പെട്ടു. അവർ രാത്രി സഞ്ചരിക്കുകയും പകൽ ഒളിച്ചിരിക്കുകയുമാണ് ചെയ്തത്. അവർ അങ്ങനെ ജുദാം ഗോത്രത്തിന്റെ പ്രദേശമായ സലാസിൽ എന്നുപേരുള്ള ഒരു അരുവിയുടെ അടുത്തെത്തി. ഈ അരുവി കാരണത്താൽ ഈ യുദ്ധം സരിയ്യത്ത് ദാത്തുസലാസിൽ എന്നും പറയപ്പെടുന്നു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 167, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മദീനയിൽനിന്ന് കൂടുതൽ പോഷകസൈന്യത്തെ വരുത്തിച്ചതായും റിപ്പോർട്ടുണ്ട്. നിരുറവയ്ക്ക് സമീപത്തെത്തിയപ്പോൾ ശത്രുസൈന്യം വളരെ വലുതാണെന്ന് മുസ്‌ലിമീങ്ങൾ അറിയാനിടയായി. ഹദ്റത്ത് അംറ്ؓകൂടുതൽ സൈന്യസഹായത്തിന് റാഫിഅ് ബിൻ മക്കീഥിനെؓനബിﷺതിരുമേനിയുടെ അടുത്തയച്ചു. നബിﷺതിരുമേനി അബൂ ഉബയ്ദ ബിൻ ജർറാഹിനുവേണ്ടി പതാക തയ്യാറാക്കി. മുഹാജിരീങ്ങളും അൻസ്വാറും ഉൾപ്പെട്ട 200 പേരടങ്ങുന്ന സൈന്യത്തെ അദ്ദേഹത്തോടൊപ്പം യാത്രയാക്കി. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും അതിലുണ്ടായിരുന്നു. നബിﷺതിരുമേനി അബൂഉബയ്ദയെ യാത്രയാക്കുമ്പോൾ ഉപദേശിച്ചുകൊണ്ടുപറഞ്ഞു: “അവിടെയെത്തിയാൽ ഹദ്റത്ത് അംറിനോടു അണിചേർന്ന് ഒരൊറ്റ സൈന്യമായി പോരാടുക. പരസ്പരം ഭിന്നിക്കരുത്.” ഐക്യത്തോടെയും ഭിന്നിക്കാതെയും ഇരിക്കാനായിരുന്നു അങ്ങനെ ഉപദേശം നൽകിയത്; അതുപോലെതന്നെ ഹദ്റത്ത് അംറ് കമാൻഡറായി തുടരാനും.

ഇതിന്റെ വിശദമായ വിവരങ്ങൾ ഇപ്രകാരമാണ്. ഒരു സന്ദർഭത്തിൽ മുസ്‌ലിമീങ്ങൾ തീകൂട്ടാൻവേണ്ടി വിറകുകൾ ശേഖരിച്ചു. തണുപ്പിൽനിന്ന് രക്ഷപ്പെടാൻ തീകായാനായിരുന്നു അത്. എന്നാൽ, ഹദ്റത്ത് അംറ് അവരെ വിലക്കി. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് അംറ് തീയിടുന്നത് വിലക്കിയപ്പോൾ ഹദ്റത്ത് ഉമറിന് ദ്വേഷം വന്നു. അദ്ദേഹത്തിന്റെ അടുത്തേക്ക് നീങ്ങാൻ ശ്രമിച്ചു. എന്നാൽ, ഹദ്റത്ത് അബൂബക്ർؓ അദ്ദേഹത്തെ തടഞ്ഞുകൊണ്ടു പറഞ്ഞു: അദ്ദേഹത്തിന്റെ യുദ്ധനൈപുണ്യം കാരണത്താലാണ് നബിﷺതിരുമേനി അദ്ദേഹത്തെ അമീറാക്കിയത്. *(ശറഹ് അസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ വാല്യം 3, പേജ് 359-361, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 168 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)* ഹദ്റത്ത് അംറ്ؓതിരിച്ചുവന്നപ്പോൾ നബിﷺതിരുമേനിയോടു പറഞ്ഞു:ഞാൻ തീയിടുന്നത് വിലക്കിയത് ശത്രുക്കൾ നമ്മുടെ അംഗബലം കുറവാണെന്നു കണ്ടാൽ പോശകസൈന്യത്തെ വരുത്തി നമ്മുടെമേൽ ആക്രമണം നടത്താതിരിക്കാൻ വേണ്ടിയാണ്. അതുകേട്ടപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തെ പ്രശംസിച്ചു. *(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 269, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

എന്തായാലും മുസ്‌ലിമീങ്ങൾ അവിടെനിന്ന് പുറപ്പെടുകയും ശത്രുപാളയത്തിലെത്തി അവരെ ചവുട്ടിമെതിക്കുകയും ചെയ്തു. അവർ വിജയഭേരി മുഴക്കി. ശത്രുക്കൾ സംഘടിക്കുമെന്ന് വാർത്ത ലഭിച്ച കേന്ദ്രത്തിൽ മുസ്‌ലിമീങ്ങളെത്തുമ്പോഴേക്കും ശത്രുക്കൾ മുസ്‌ലിമീങ്ങളുടെ നീക്കം മനസ്സിലാക്കി ചിന്നിച്ചിതറി. അവിടം കാലിയായി. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്നു. ശത്രുപക്ഷത്തെ ഒരു ചെറുസംഘവുമായി അവരേറ്റുമുട്ടുകയും പരാജയപ്പെടുത്തുകയും ചെയ്തു. ബാക്കിയുള്ളവർ ജീവനുംകൊണ്ടോടി. മുസ്‌ലിമീങ്ങൾ അവിടെ അൽപ്പം ചില ദിനങ്ങൾ തങ്ങി. ശത്രുസൈന്യത്തെ കുറിച്ച് കേൾക്കുന്നിടത്തേക്കെല്ലാം അവരെ നേരിടാൻ കുതിരപ്പട അയക്കുകയും അവരെ നേരിട്ട് ഒട്ടകങ്ങളും ആടുകളും കൈവശപ്പെടുത്തി തിരിച്ചുവരികയും ചെയ്തു. മുസ്‌ലിമീങ്ങൾ മദീനയിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. ഹദ്റത്ത് അംറ്ؓ, ഔഫ് ബിൻ മാലിക് അശ്ജയീؓയെ മുൻകൂട്ടി നബിﷺതിരുമേനിയുടെ അടുത്തയച്ചു.അവരുടെ സുരക്ഷിതമായ മടക്കത്തേയും യുദ്ധാവസ്ഥയേയും കുറിച്ച് നബിﷺതിരുമേനിയെ അറിയിച്ചു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 168 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മറ്റൊരു സൈനികനീക്കമാണ് സരിയ്യഃ അബൂഉബയ്ദ ബിൻ ജർറാഹ്ؓ. ഈ സരിയ്യത്ത് ഹിജ്റ 8 റജബ് മാസത്തിലായിരുന്നു നടന്നത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എؓ തന്റെ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് ഈ വിഷയകമായി രേഖപ്പെടുത്തിയപ്രകാരം സരിയ്യഃ ഹദ്റത്ത് അബൂ ഉബയ്ദ ഹിജ്റ 8 റജബ് മാസം അഥവാ ക്രിസ്ത്വബ്ദം 629 നവംബറിലാണ് നടന്നത്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എؓ പേജ് 840)*

ഈ സരിയ്യത്തിന് മറ്റുപേരുകളുമുണ്ട്. ഈ സരിയ്യത്തിന് സീഫുൽ ബഹ്റെന്നും സരിയ്യഃ ഖബത്' എന്നും പറയപ്പെടുന്നു. സീഫുൽ ബഹ്ർ എന്നാൽ സമുദ്രതീരം എന്നാണ് അർഥം. ഈ സരിയ്യത്തിൽ സ്വഹാബത്ത് ചെങ്കടലിന്റെ തീരത്തായിരുന്നു തമ്പടിച്ചിരുന്നത്. അതുകൊണ്ട് അത് സീഫുൽബഹ്ർ സരിയ്യത്തെന്ന് പറയപ്പെടുന്നു. ഇതിനെ സരിയ്യഃഖബത്' എന്നും പറയുന്നു. ഇതിന്റെ അർഥം ഇല തിന്നുന്ന സൈന്യം എന്നാണ്. ഈ സരിയ്യത്തിൽ സ്വാഹബത്തിന് ഇലകൾ ഭക്ഷിക്കേണ്ടിവന്നു. അങ്ങനെയൊരു നിർബന്ധ സാഹചര്യവും അവർക്കുണ്ടായി.

ഈ സരിയ്യത്തിന്റെ അമീർ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്ؓആയിരുന്നു. നബിﷺതിരുമേനി മുഹാജിരീങ്ങളും അൻസ്വാറുമായ 300 പേരുടെ അമീറാക്കി അദ്ദേഹത്തെ ബനൂ ജുഹയ്നയുടെ ഒരു ശാഖാ ഗോത്രത്തിലേക്ക് അയച്ചു. ഈ സൈന്യത്തിൽ ഹദ്റത്ത് ഉമറുംؓ പങ്കെടുത്തിരുന്നു. ഖബീല എന്ന സ്ഥലത്താണ് ബനൂജുഹയ്ന താമസിച്ചിരുന്നത്. മദീനയിൽനിന്ന് അഞ്ചുരാത്രി യാത്രാദൂരത്ത് സമുദ്രതീരത്തിനടുത്തുള്ള ഒരു സ്ഥലമാണ് ഖബീല. ഈ സരിയ്യത്തിന്റെ ഉദ്ദേശ്യമായി പറയപ്പെടുന്നതിങ്ങനെയാണ്. ‘മക്കഖുറയ്ശികളുടെ ഒരു സംഘം ധാന്യശേഖരവുമായി സമുദ്രതീരത്തൂടെ ശാമിൽനിന്ന് മക്കയിലേക്ക് പോകുകയായിരുന്നു. അവർക്ക്

**• ഹദീഥുന്നബ്‌വിﷺ •**

**“അദ്ദാലു അലൽഖയ്‌രി കഫായിലിഹീ.”**
**നന്മയെക്കുറിച്ചു മാർഗദർശനം നല്കുന്നയാൾ അത് ചെയ്യുന്നവനെപ്പോലെയാണ്.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**“യിദത്തുൽ മുഅ്മിനി കഅഖ്ദിൽകഫ്ഫി.”**
**വിശ്വാസിയുടെ വാഗ്ദാനം കൈയിൽ കിട്ടിയതുപോലെയാണ്.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ജുഹയ്നയിലെ ഒരു ഗോത്രത്തിൽ നിന്ന് ഭീഷണി ഉണ്ടായിരുന്നു. അത് ഹുദയ്ബിയ്യ സന്ധി നടന്ന കാലമായിരുന്നു. ജുഹയ്ന ഗോത്രം നബിﷺതിരുമേനിയുടെ സഖ്യക ക്ഷിയായിരുന്നു. അതിനാൽ നബി ﷺതിരുമേനി ദീർഘവീക്ഷണത്തോടെ ഒരു സുരക്ഷാ സൈന്യത്തെ മുൻകരുതലെന്നോണം അവരുടെ അടുത്തയച്ചു. ശാമിൽനിന്നുവരുന്ന ഖുറയ്ശി സാർഥവാഹക സംഘവുമായി അവർ ഏറ്റുമുട്ടാതിരിക്കാനാണ് അങ്ങനെ ചെയ്തത്. അങ്ങനെ ഖുറയ്ശികൾക്ക് സമാധാനലംഘനത്തിന്റെ ഒഴികഴിവ് ലഭിക്കാതിരിക്കാൻ. ആ ഖുറയ്ശി സംഘത്തിന്റെ സംരക്ഷണത്തിനായിരുന്നു ആ നീക്കം; അപ്രകാരം അവിടെ അധിവസിക്കുന്ന ഗോത്രങ്ങൾ അവർക്കുമേൽ ആക്രമണം അഴിച്ചുവിടാതിരിക്കാൻ വേണ്ടിയും. കാരണം ഹുദയ്ബിയസന്ധി നടന്നിരുന്നു. അവരുടെ സംരക്ഷണച്ചുമതലയും മുസ്‌ലിമീങ്ങൾക്കായിരുന്നു. പുതിയ ഉടമ്പടി പാലിക്കേണ്ടിയുമിരുന്നു. അക്കാരണത്താലാണ് നബിﷺതിരുമേനി അവിടെ സൈന്യത്തെ അയച്ചത്. 300 പേരടങ്ങുന്ന സംഘമായിരുന്നു അത്; അവരെ സംരക്ഷിക്കാനും അങ്ങനെ അവർ അതായത് ഖുറയ്ശി സംഘം അവിടെനിന്ന് സുഖമായി കടന്നുപോകാനുംവേണ്ടി. ഇതിൽനിന്ന് പ്രകടമാകുന്നത് ആ സ്വഹാബാക്കൾ ആരുമായും യുദ്ധം ചെയ്യാനല്ല പോയതെന്നാണ്. അതുകൊണ്ടുതന്നെ പതിനഞ്ചിലധികം ദിവസം അവിടെ തങ്ങിയിട്ടും ഒരു സംഘർഷവുമുണ്ടായതായി രേഖപ്പെട്ടിട്ടില്ല.*(സുബുലുൽഹുദാ വർറശാദ്, വാല്യം 6, പേജ് 176, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ബുഖാരി വാല്യം 9, പേജ് 239, പ്രസാധകർ നള്ാറത്ത് ഇശാഅത്ത്)*

ഈ സരിയ്യത്തിന്റെ പുറപ്പെടലും യാത്രാവിഭവം അവസാനിച്ചതും സംബന്ധിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്. ഹദ്റത്ത് ജാബിർؓ ഈ സരിയ്യത്തിനെ കുറിച്ച് വിവരിക്കുന്നു:'നബിﷺതിരുമേനി ഞങ്ങളെ അയച്ചു. ഞങ്ങൾ 300 പേരാണ് യാത്ര ചെയ്തിരുന്നത്. ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹായിരുന്നു ഞങ്ങളുടെ അമീർ. ഞങ്ങൾ പുറപ്പെട്ട് അൽപദൂരം താണ്ടിയപ്പോഴേക്കും ഭക്ഷണസാധനങ്ങൾ തീർന്നുപോയി. ഹദ്റത്ത് അബൂഉബയ്ദؓ ഉത്തരവിട്ടു: എല്ലാ ഭാണ്ഡക്കെട്ടുകളും ഒരുമിച്ചുകൂട്ടുക. നിങ്ങളുടെ പക്കലുള്ള ഭക്ഷണമെല്ലാം കൊണ്ടുവരുക. അങ്ങനെ അവയെല്ലാം സ്വരുക്കൂട്ടിയപ്പോൾ ആകെ രണ്ടു ചാക്ക് ഈത്തപ്പഴമുണ്ടായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ്ؓദിവസവും അതിൽനിന്ന് കുറച്ചു കുറച്ചു തിന്നാൻ തരുമായിരുന്നു. അവസാനം അതും തീർന്നു. പിന്നീട് ഞങ്ങൾക്ക് ഓരോരോ ഈത്തപ്പഴം വീതം തരാൻ തുടങ്ങി. നിവേദകൻ പറയുന്നു: ഞാൻ ഹദ്റത്ത് ജാബിറിനോടു ചോദിച്ചു:ഒരു ഈത്തപ്പഴം കൊണ്ട് നിങ്ങളുടെ വിശപ്പ് എങ്ങനെയാണ് അടങ്ങുക? അദ്ദേഹം പറഞ്ഞു:അതും ഇല്ലാതായപ്പോൾ ഞങ്ങൾക്ക് ഒരു ഈത്തപ്പഴത്തിന്റെ കുറവും അനുഭവപ്പെട്ടു. ആ നേരത്ത് ഒന്നുംതന്നെ കഴിക്കാനില്ലാതായപ്പോൾ ഒരു ഈത്തപ്പഴംപോലും അമൂല്യമായി തോന്നി. ഒരു നിവേദനപ്രകാരം ഹദ്റത്ത് ജാബിർؓപറയുന്നു:ഞങ്ങൾ ദിവസം മുഴുവൻ ആ ഒരു ഈത്തപ്പഴം നുണഞ്ഞുകൊണ്ടിരുന്നു. അതു കഴിഞ്ഞ് വെള്ളം കുടിക്കുമായിരുന്നു. രാത്രിവരെ ഞങ്ങൾക്കത് മതിയായതായിരുന്നു.

ഹദ്റത്ത് ജാബിർؓപറയുന്നു: ഞങ്ങൾ ഖുറയ്ശികളുടെ കച്ചവട സംഘത്തെ സംരക്ഷിക്കാനായി ജോലി ചെയ്തു. സമുദ്രതീരത്ത് ഞങ്ങൾ അരമാസം കഴിച്ചുകൂട്ടി. അവിടെ ഞങ്ങൾക്ക് അസഹ്യമായ വിശപ്പ് അനുഭവപ്പെട്ടപ്പോൾ ഞങ്ങൾക്ക് ഇലകളും കഴിക്കേണ്ടിവന്നു. അതിനാൽ ആ സൈന്യത്തിന്റെ പേര് ജയ്ശുൽഖബ്ത് അതായത് ഇലകൾതിന്നുന്ന സൈന്യം എന്ന് വെക്കപ്പെട്ടു. പറയുന്നു: ഞങ്ങളുടെ ആ ഭക്ഷണക്രമം കാരണത്താൽ ഞങ്ങൾ പറ്റേ ക്ഷീണിച്ചു. ഞങ്ങളുടെ വായുടേയും ചുണ്ടുകളുടേയും അറ്റത്ത് മുറിവുണ്ടായി. ഒരാൾ പറഞ്ഞു:ആ അവസ്ഥയിൽ ഞങ്ങൾക്ക് ശത്രുക്കളെ നേരിടേണ്ടി വന്നിരുന്നെങ്കിൽ ആ ക്ഷീണംകൊണ്ട് ഞങ്ങൾക്ക് നടക്കാൻപ്പോലും സാധിക്കുമായിരുന്നില്ല. ഏറ്റുമുട്ടലുമുണ്ടാകുമായിരുന്നില്ല.

ഭക്ഷണാവശ്യാർഥം ഒട്ടകങ്ങൾ അറുത്തതിനെക്കുറിച്ചുള്ള നിവേദനവും ലഭിക്കുന്നുണ്ട്. ഹദ്റത്ത് ജാബിർؓനിവേദനം. ആളുകൾക്ക് ഭക്ഷിക്കാൻ മൂന്നു ദിവസം മൂന്നു ഒട്ടകത്തെ അറുത്ത ഒരാൾ ആ സൈന്യത്തിലുണ്ടായിരുന്നു. പിന്നീട് ഹദ്റത്ത് അബൂഉബയ്ദؓഅയാളെ തടഞ്ഞു. *(സുബുലുൽ ഹുദാ വർറശാദ്, വാല്യം 6, പേജ് 176, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സ്വഹീഹുൽബുഖരി കിതാബുൽ മഗാസി ബാബ് ഗസ്‌വത്തു സീഫുൽ ബഹ്ർ നിവേദനം 4360, 4361, 4362) (സ്വഹീഹുൽബുഖരി കിതാബു അശ്ശിർക്കത്തു ബാബു ഫത്ത്വആമി.....ഹദീഥ് 2483)*

ചരിത്രഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാകുന്നത് ആ വ്യക്തി ഖയ്സ് ബിൻ സഅ്ദായിരുന്നുവെന്നാണ്. ഹദ്റത്ത് ഖയ്സ് ബിൻ സഅ്ദ്ؓ ചോദിച്ചു: ആരാണ് ഒരൊട്ടകത്തിനു പകരമായി എന്നിൽനിന്ന് ഈത്തപ്പഴം വാങ്ങാൻ തയ്യാറുളളത്? ഒട്ടകത്തെ ഞാൻ ഇവിടെ വെച്ചുതന്നെ അറുക്കുന്നതാണ്. എന്നാൽ, അതിന്റെ വില ഞാൻ മദീനയിൽ ചെന്നിട്ട് നല്കുന്നതായിരിക്കും. അതായത് സ്വഹാബത്തിന്റെ വിശപ്പുകണ്ട് അദ്ദേഹം പറഞ്ഞു, ഞാൻ ഒട്ടകം വാങ്ങി ഇവിടെവെച്ച് അറുത്ത് നിങ്ങൾക്ക് ഭക്ഷണത്തിനുള്ള ഏർപ്പാടു ചെയ്യാം. ഹദ്റത്ത് ഉമർؓഅവിടെ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ഈ യുവാവിന്റെ കാര്യം വിചിത്രംതന്നെ. സ്വന്തമായി സ്വത്തൊന്നുമില്ല. എന്നിട്ട് മറ്റുളളവരുടെ സ്വത്തുവെച്ച് കളിക്കുകയാണ്. വീട്ടിലെത്തിയാൽ ഇയാൾ എവിടെന്ന് എടുത്തുകൊടുക്കാനാണ്? സ്വന്തമായി തോട്ടമൊന്നുമില്ലതാനും. ഹദ്റത്ത് ഖയ്സിനെ ജുഹയ്നായിലെ ഒരു വ്യക്തി കണ്ടു. അദ്ദേഹം അയാളോടു പറഞ്ഞു: എനിക്ക് ഒട്ടകത്തെ വിൽക്കുക. അവിടെ ഉണ്ടായിരുന്ന ഗോത്രത്തിൽനിന്ന് മദീനയിലെത്തിയാൽ ഈത്തപ്പഴത്തിന്റെ രൂപത്തിൽ വില നല്കാമെന്ന് പറഞ്ഞ് അദ്ദേഹം ഒട്ടകത്തെ വാങ്ങി. അയാൾ പറഞ്ഞു: താങ്കളാരാണെന്ന് എനിക്കറിയില്ല. ഹദ്റത്ത് ഖയ്സ് പറഞ്ഞു: ഞാൻ ഉബാദയുടെ മകൻ സഅ്ദിന്റെ മകൻ ഖയ്സാണ്. അയാൾ പറഞ്ഞു: താങ്കൾ താങ്കളുടെ വംശാവലി പറഞ്ഞിട്ട്, അതായത് കുടുംബപരമ്പര പറഞ്ഞിട്ട് എനിക്ക് സ്വയം പരിചയപ്പെടുത്തിത്തന്നിരിക്കുന്നു. എന്റേയും മദീനയുടെ സർദാർ സഅ്ദിന്റേയുമിടയിൽ സുഹൃത് ബന്ധമുണ്ട്. ഞങ്ങളിരുവർക്കുമിടയിൽ സുഹൃത്ബന്ധമുണ്ട്. ഹദ്റത്ത് ഖയ്സ്ؓഅയാളിൽനിന്ന് അഞ്ച് വസഖ് ഈത്തപ്പഴത്തിനുപകരമായി അഞ്ച് ഒട്ടകത്തെ വാങ്ങി. അതായത് ഏകദേശം മൊത്തം 750 കിലോ ഈത്തപ്പഴം വില്പനാമൂല്യമായി നിശ്ചയിച്ചു. അദ്ദേഹം ചോദിച്ചു:സാക്ഷികളാരാണ്? ജാമ്യക്കാർ ആവശ്യമുണ്ടായിരുന്നു. അപ്പോൾ ഏതാനും മുഹാജിറുകളും അൻസ്വാറുമായ സ്വഹാബാക്കൾ സാക്ഷിനിന്നു. ഹദ്റത്ത് ഉമർؓ സാക്ഷിനിൽക്കാൻ വിസമ്മതിച്ചു. അദ്ദേഹം പറഞ്ഞു: 'ഇപ്പറഞ്ഞ സ്വത്ത് അവന്റേതല്ല, അവന്റെ പിതാവിന്റേതാണ്. എന്നിട്ടാണ് ഈത്തപ്പഴത്തെപറ്റി സംസാരിക്കുന്നത്. ഈത്തപ്പനത്തോട്ടം അവന്റെ പിതാവിന്റേതാണല്ലോ? ഇവനെവിടെനിന്നെടുത്തു കൊടുക്കാനാണ്?'ഏതായാലും ഈ സൈന്യം മദീനയിലെത്തിയപ്പോൾ ഹദ്റത്ത് സഅ്ദ്ؓഹദ്റത്ത് ഖയ്സിനോടു ചോദിച്ചു:സ്വഹാബാക്കൾ വിശന്നിരിക്കുമ്പോൾ താങ്കളെന്തു ചെയ്തു? അദ്ദേഹം പറഞ്ഞു: ഞാൻ ഒട്ടകത്തെ അറുത്തു. ഹദ്റത്ത് സഅ്ദ് ചോദിച്ചു:പിന്നീടെന്തു ചെയ്തു? ഹദ്റത്ത് ഖയ്സ് ചോദിച്ചു, പിന്നീട് ഞാൻ തടയപ്പെട്ടു. ഹദ്റത്ത് സഅ്ദ് ചോദിച്ചു: ആരാണ് തടഞ്ഞത്? ഹദ്റത്ത് ഖയ്സ് പറഞ്ഞു:ഹദ്റത്ത് അബൂ ഉബയ്ദ. എന്തിനാണ് വിലക്കിയതെന്ന് ചോദിച്ചപ്പോൾ ഹദ്റത്ത് ഖയ്സ് പറഞ്ഞു:എനിക്ക് സ്വന്തമായി സ്വത്തൊന്നുമില്ല, എന്റെ പിതാവിനാണ് സ്വത്തുളളത്. ഹദ്റത്ത് സഅ്ദ്ؓപറഞ്ഞു, 'ഞാൻ താങ്കൾക്ക് നാലു തോട്ടം നല്കുകയാണ്.' അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ പിതാവ് സന്തോഷം പ്രകടിപ്പിച്ചു. പറഞ്ഞു:'ഞാൻ താങ്കൾക്ക് നാലു തോട്ടം ഇഷ്ടദാനമായി തരുന്നു. അതിലേറ്റവും കുറഞ്ഞ വിളയുള്ളതിൽനിന്ന് 50 വസഖ് ഈത്തപ്പഴം ലഭിക്കുന്നതായിരിക്കും.' വലിയ അളവാണ്. നൂറുക്കണക്കിന് കിലോ വരും. ഹദ്റത്ത് സഅ്ദ് ഒരു പ്രമാണം തയ്യാറാക്കി. ഹദ്റത്ത്

• ഹദീഥുന്നബ്‌വിﷺ •

"തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ'
ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"സിൻ വർജിഹ്."
അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

അബൂഉബയ്ദയേയും മറ്റും സാക്ഷി നിറുത്തി. ആ ബനൂജുനയ്ഹക്കാരനും ഖയ്സിന്റെ കൂടെ മദീനയിൽ വന്നിരുന്നു. ഹദ്റത്ത് സഅ്ദ്ؓ അദ്ദേഹത്തിന് ഈത്തപ്പഴം നല്കി. സവാരിയും(യാത്രാവാഹനം)നല്കി. ഷാളും ധരിപ്പിച്ചു.' ഹദ്റത്ത് ജാബിർؓപറയുന്നു:നബിﷺതിരുമേനി ഇക്കാര്യം അറിഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു:'ദാനശീലമെന്നത് ഈ കുടുംബത്തിന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നതാണ്.'*(സുബുലുൽഹുദാ വർറശാദ് വല്യം 6, പേജ് 177-178, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്) (ലുഗാത്തുൽഹദീഥ് വാല്യം 2, പേജ് 648, വാല്യം 4 പേജ് 487)*

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദിൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഈ സംഭവം വിശദീകരിച്ചുകൊണ്ടെഴുതുന്നു:"സ്വഹാബാക്കൾ വിശപ്പിന്റെ കാഠിന്യമുണ്ടായിട്ടും അങ്ങേയറ്റത്തെ സഹനം കൈക്കൊണ്ടതും ഒരു സംഘത്തോടോ നാട്ടുകാരോടോ ഭക്ഷണം ചോദിക്കാതിരുന്നതും സൂചിപ്പിക്കുന്നത് പറയപ്പെട്ട യുദ്ധത്തിന്റെ ബന്ധം ഏതെങ്കിലും യുദ്ധവുമായിട്ടായിരുന്നില്ലെന്നാണ്. അവരുടെ പരിശുദ്ധമായ ആത്മാവ് ഔന്നത്യത്തെ അനുവദനീയമായി മനസ്സിലാക്കിയിരുന്നില്ല. അതായത് പരിശുദ്ധമായ ആത്മാവ് ദ്രോഹത്തേയും അക്രമത്തേയും അനുവദനീയമായി കണ്ടിരുന്നില്ല.*(ബുഖാരി വാല്യം 9, പേജ് 240, പ്രസാധകർ നളാറത്ത് ഇശാഅത്ത്)*

എന്തായാലും അല്ലാഹു അവരുടെ വിശപ്പടക്കാൻ ഈയൊരു ഏർപാടാണ് ചെയ്തു.

ഇതു സംബന്ധിച്ചെഴുതിയിരിക്കുന്നു: ഹദ്റത്ത് ജാബിർؓഈ സരിയ്യത്തിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇപ്രകാരം നല്കിയിരിക്കുന്നു. സമുദ്രം ഞങ്ങൾക്കുവേണ്ടി മലപോലത്തെ അമ്പർ എന്നുപേരുള്ള മത്സ്യം തീരത്ത് പുറന്തള്ളി. അമ്പർ എന്നത് വമ്പൻമത്സ്യമാണ്. തിമിംഗലമെന്ന് വേണമെങ്കിൽ പറയാം. അല്ലാമ അസ്ഹരി പറയുന്നു: അമ്പർ സമുദ്രത്തിലെ ഒരു വൻ മത്സ്യമാണ്. അമ്പത് മുഴുമാണ് അതിന്റെ നീളം. ഹദ്റത്ത് ജാബിർؓ പറയുന്നു: ഞങ്ങൾ അതിന്റെ മാംസം അരമാസത്തോളം ഭക്ഷിച്ചു. മറ്റു നിവേദനങ്ങളിൽ 18 ദിവസത്തോളമെന്നും ഒരു മാസത്തോളമെന്നും പറയുന്നുണ്ട്. അവിടെ നിന്നിടത്തോളം തിരിച്ചുവരുന്നതുവരെ കഴിച്ചുകൊണ്ടിരുന്നു. അതിന്റെ നെയ്യ് ദേഹത്ത് പുരട്ടാറുണ്ടായിരുന്നു. അങ്ങനെ വിശപ്പിന്റെ കാഠിന്യത്താൽ തളർന്നവശയായ ഞങ്ങളുടെ ശരീരം വീണ്ടും ഉന്മേഷഭരിതമായി. ഹദ്റത്ത് ജാബിർؓപറയുന്നു:ആ മത്സ്യത്തിന്റെ കണ്ണുകൾ വലിയ കുടങ്ങൾപ്പോലെയായിരുന്നു. അതിൽനിന്ന് ഞങ്ങൾ ഒരുപാട് കുടം എണ്ണ പുറത്തെടുത്തു. അതിന്റെ ശരീരത്തിൽനിന്ന് വലിയ വലിയ കഷണങ്ങൾ വെട്ടിയെടുത്തു. അതിന്റെ കുറച്ചുമാംസം മാർക്കറ്റിൽ കൊണ്ടുപോയി വിറ്റു. *(കിതാബുൽ അത്മ്, ഭാഗം 4, പേജ് 1398, നിവേദനം നമ്പർ 914, അല്ലാമ അബൂശയ്ഖുൽ അസ്ബഹാനി)*

ഈ മത്സ്യത്തിന്റെ കണ്ണുകളിൽ ഇരുന്നതിനെ കുറിച്ച് രണ്ടുതരം നിവേദനമുണ്ട്. ഹദ്റത്ത് ജാബിർؓപറയുന്നു:ഞങ്ങൾ മൊത്തം ആറുപേർ മത്സ്യത്തിന്റെ കണ്ണുകളിലിരുന്നു. ഒരു നിവേദനത്തിൽ 30 പേർ ഇരുന്നെന്നും വന്നിട്ടുണ്ട്. ഹദ്റത്ത് അബൂഉബയ്ദؓ അതിന്റെ വാരിയെല്ലിൽനിന്ന് ഒന്നോ രണ്ടോ ഊരിയെടുത്തു. അവ കുത്തനെ നിറുത്തി. എന്നിട്ട് ഏറ്റവും പൊക്കമുള്ള ഹദ്റത്ത് ഖയ്സിനെ ഏറ്റവും ഉയരമുള്ള ഒട്ടകത്തിലിരുത്തി. അവരിരുവരും അവയ്ക്കിടയിലൂടെ കടന്നുപോയപ്പോൾ വാരിയെല്ലിൽ തട്ടുക പോലുമുണ്ടായില്ല.

മദീനയിലേക്കുള്ള യാത്രയെ കുറിച്ച് എഴുതിയിരിക്കുന്നു: ഹദ്റത്ത് ജാബിർؓപറയുന്നു: ഞങ്ങൾ മദീനയിലെത്തിയപ്പോൾ ആ മത്സ്യത്തെ കുറിച്ച് നബിﷺതിരുമേനിയോടു സൂചിപ്പിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: 'അല്ലാഹു തന്ന രിസ്ഖ് അഥവാ ഭക്ഷണസാധനം നിങ്ങൾ ഭക്ഷിക്കുക. നിങ്ങളുടെ പക്കൽ ബാക്കിയുണ്ടെങ്കിൽ അത് നമുക്കും തരിക. അവരിലൊരാൾ നബിﷺതിരുമേനിക്കും ഒരോഹരി നല്കി. അവിടന്ന് അത് ഭക്ഷിച്ചു.' *(സുബുലുൽഹുദാ വർറശാദ് വാല്യം 6, പേജ് 177-178, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)* *(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി, ബാബു ഗസ്വത്തു സീഫുൽ ബഹ്ർ നിവേദനം 4360, 4361, 4362)(നിഅ്മത്തുൽബാരി വാല്യം 7, പേജ് 747, ളിയാവുൽ ഖുർആൻ പബ്ലിക്കേഷൻസ് കറാച്ചി)(ഫത്ഹുൽബാരി വാല്യം 8, പേജ് 100, ഖദീമീ കുതുബ്ഖാന, ആരാംബാഗ്, കറാച്ചി)(സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 270, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതിവിടെ അവസാനിക്കുകയാണ്. ഇതു പെട്ടെന്ന് തീർക്കാനായിരുന്നു ഞാൻ ശ്രമിച്ചത്. എന്നിട്ട് മറ്റുവിഷയങ്ങളിലേക്ക് കടക്കാമെന്നുംകരുതി. എന്നാൽ, കുറച്ചു ജനാസകളും ശഹാദത്തുകളും വിവരി വിവരിച്ചതുകൊണ്ട് ഈ വിഷയം ഇനിയും കുറച്ചു ബാക്കിയായിട്ടുണ്ട്. അവസാനം മക്കവിജയത്തെ കുറിച്ചും വിവരിക്കുന്നതായിരിക്കും. എന്തായാലും ഈ വിഷയം ഇനിയും തുടരുന്നതാണ്.

ഇപ്പോൾ ഞാൻ പറയാനാഗ്രഹിക്കുന്നത് കഴിഞ്ഞ ജുമുഅയ്ക്ക് പറഞ്ഞതുതന്നെയാണ്. പാക്കിസ്താനും ഇന്ത്യയ്ക്കുമിടയിലുള്ള യുദ്ധ സാഹചര്യത്തെ കുറിച്ച് ഒരുപാട് ദുആ ചെയ്യുക. പരസ്പരം ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷമുണ്ടാകുമാറാകട്ടെ. എന്തെന്നാൽ, ഇക്കാലത്ത് യുദ്ധങ്ങളിൽ ഉപയോഗിക്കുന്ന ആയുധങ്ങൾ കാരണം സാധാരണപൗരന്മാരും വധിക്കപ്പെടുന്നു. വധിക്കപ്പെട്ടുകൊണ്ടിരിക്കുന്നുമുണ്ട്. ഇപ്പോൾ യുദ്ധത്തിന് പുതിയമാനമാണ് ഉടലെടുത്തിട്ടുള്ളത്. അതിനാൽ ദുആ ചെയ്യേണ്ടതുണ്ട്. ഇരുകൂട്ടരും രഞ്ജിപ്പിന് തയ്യാറാകുമാറാകട്ടെ. വൻ നാശത്തിൽനിന്ന് രക്ഷപ്പെടുമാറാകട്ടെ. ഇതു സംബന്ധമായി മറ്റൊരു സംഗതികൂടി ഓർത്തിരിക്കേണ്ടതാണ്. ഇക്കാലത്ത് സമൂഹ മാധ്യമങ്ങൾ വഴിയും ഇന്റർനെറ്റിലെ മറ്റു മാർഗങ്ങളിലൂടേയും ഇലക്ട്രിക് മാധ്യമങ്ങളിലൂടേയുമുള്ള സന്ദേശക്കൈമാറ്റങ്ങൾ നടക്കുന്നുണ്ട്. സകലരും വളരെ സ്വതന്ത്രമായി ചർച്ചകൾ നടത്തുന്നു. തങ്ങളുടെ ഇഷ്ടപ്രകാരം തോന്നുന്നതൊക്കെ വിളിച്ചു പറയുന്നു. അതുകൊണ്ട് ലാഭം കുറവും നഷ്ടം കൂടുതലുമാണ്. തങ്ങളെന്താണ് ആഗ്രഹിക്കുന്നതെന്ന് സ്വന്തം നിലയ്ക്ക് വലിയ വാദങ്ങൾ നടത്തുന്നു. അഹ്മദികൾ ഇതിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്. കാരണം ഇത്തരം അഭിപ്രായപ്രകടനങ്ങൾകൊണ്ട് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാകുന്നത്. ഇനി ആർക്കെങ്കിലും സന്ദേശം നല്കണമെന്ന ഉൾക്കടമായ ആഗ്രഹമുണ്ടെങ്കിൽ ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം നല്കുക. ഹദ്റത്ത് മസീഹ് മൗഊദ്ؑതന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ രചിച്ച ഗ്രന്ഥമാണ് മൈത്രിസന്ദേശം. അതിലും അദ്ദേഹം ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശമാണ് നല്കിയത്. അതിനാൽ ഇത് ഓരോ അഹ്മദിയും ഓർക്കേണ്ടതാണ്. അതിനുവേണ്ടിയാണ് ശ്രമിക്കേണ്ടത്. അല്ലാഹു എല്ലാ നിരപരാധികളുടേയും ജീവൻ കാത്തുരക്ഷിക്കുമാറാകട്ടെ. ചില വൻശക്തികളും ഇത് പെരുപ്പിച്ച് കാണിക്കാൻ ശ്രമിക്കുന്നതായാണ് തോന്നുന്നത്. ഇരുശക്തികളും സംഘർഷത്തിലാകാനും ദുർബലരാകാനും തങ്ങളുടെ ആയുധക്കച്ചവടം നടത്താനുമാണ് അവരാഗ്രഹിക്കുന്നത്. അല്ലാഹു അവരുടെ ഉപദ്രവത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ.

ഇതുപോലെ ഫലസ്തീനിലെ പൊതുജനങ്ങൾക്കായും ദുആ ചെയ്യുക. അല്ലാഹു അവർക്കും കാര്യങ്ങൾ എളുപ്പമാക്കി കൊടുക്കുമാറാകട്ടെ. അവർക്ക് സമാധാനത്തോടെ തങ്ങളുടെ രാജ്യത്ത് വസിക്കാനാകട്ടെ. എന്നാൽ, ബാഹ്യദൃഷ്ട്യാ സമാധാനത്തിനുള്ള ഒരു സാധ്യതയും കാണാനില്ല. അവരെ എങ്ങനെയെങ്കിലും അവിടെനിന്ന് പുറത്താക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. അതിനുവേണ്ടി സകല ശക്തികളും അണിനിരന്നിരിക്കുകയാണ്. മുസ്‌ലിം രാഷ്ട്രങ്ങൾക്ക് അല്ലാഹു ബുദ്ധിനല്കുമാറാകട്ടെ. അവർ ഐക്യപ്പെടുമാറാകട്ടെ. അവർക്കിടയിൽ ഐക്യമുണ്ടായാൽത്തന്നെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ആഗോളയുദ്ധമുണ്ടായാൽ ചിലർ തെറ്റുധരിച്ചിരിക്കുന്നത് തങ്ങളുടെ രാജ്യങ്ങൾ സുരക്ഷിതരായിരിക്കുമെന്നാണ്. അത് എല്ലാത്തിനേയും ബാധിക്കുന്നതായിരിക്കും.

**• ഹദീഥുന്നബവിﷺ •**

**"ലാ യഹില്ലു ലുമുഅ്മിനി അൻയ്യഹ്ജുറ അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ."**

**ഒരു വിശ്വാസി തന്റെ സഹോദരനോടു മൂന്നുദിവസത്തിലധികം ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല**

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

**• ഹദീഥുന്നബവിﷺ •**

**"സയ്യിദുൽഖൗമി ഖാദിമുഹും."**

**സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.**

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

അതുകൊണ്ടു ഈ തെറ്റുധാരണയിൽനിന്ന് എല്ലാവരും രക്ഷപ്പെടേണ്ടതാണ്. അല്ലാഹു സകലരേയും സംരക്ഷിക്കുമാറാകട്ടെ. എന്തായാലും ഞാനെപ്പോഴും പറയാറുള്ളതുപോലെ ഇതിനുള്ള ഒരേയൊരു പരിഹാരം ദൈവത്തിലേക്ക് കുനിയുക എന്നതാണ്. ഈ ഒരു മാർഗമേ ഇവർക്ക് രക്ഷപ്പെടാനുള്ളു. ഇതിനുപുറമെ മറ്റൊരു മാർഗവുമില്ല. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. *(വിവർത്തനം: പി.കെ.അംനാസ് കടലായി)*

പേജ് 1 ൽ നിന്ന്

അവകാശം കരസ്ഥമാക്കുന്നതിൽ പിന്തള്ളപ്പെട്ടുപോകുമായിരുന്നു. അതുകൊണ്ട് സകല മനുഷ്യരുടേയും ആവശ്യങ്ങൾക്കുവേണ്ടി സർക്കാർ മൊത്തത്തിൽ ചെലവഴിക്കുന്നതിന് എല്ലാ വ്യക്തികളും നിർബന്ധമായും തങ്ങളുടെ സമ്പത്തിന്റെ ഒരു ഭാഗം സക്കാത്ത് എന്ന നിലയിൽ കൊടുക്കണമെന്ന് ഇസ്‌ലാം കൽപ്പിച്ചു; ഇപ്രകാരം തന്നെ കണ്ടുപിടിക്കുന്ന ഓരോ ഖനിയുടേയും അഞ്ചിലൊന്ന് ദരിദ്രരിൽ ചെലവഴിക്കുന്നതിന് സർക്കാറിന് ലഭിക്കുന്നതായിരിക്കുമെന്ന് നബിﷺതിരുമേനി പറഞ്ഞു. ഇപ്രകാരവും ഇസ്‌ലാം സകല മനുഷ്യരുടേയും ഭൂമിയിന്മേലുള്ള ഭാഗത്തെ സുരക്ഷിതമാക്കിവെച്ചു. ഇതുപോലെ ഒരു ജന്മി ഭൂമിയിൽനിന്ന് ഉണ്ടാക്കുന്ന തന്റെ ജീവനോപായം, അത് തന്റെ അധ്വാനത്തിന്റെ ഫലം അയാൾ തിന്നുന്നതാണെങ്കിൽത്തന്നെയും മനുഷ്യകുലത്തിന് മുഴുവനായിട്ടുള്ള നിലയിൽ മൊത്തമായി ഉണ്ടാക്കിയിട്ടുള്ളതാണ്. അതിനാൽ അതിന്റെ വരുമാനത്തിൽനിന്നും ഒരുഭാഗം നിർബന്ധമായും, മുഴുവൻ മനുഷ്യകുലത്തിനും ഗുണം ലഭിക്കുന്നതിനുവേണ്ടി ചെലവഴിക്കാൻ സർക്കാറിന് നല്കാൻ കൽപ്പിച്ചിരിക്കുന്നു. ഇതേ അവസ്ഥതന്നെയാണ് കച്ചവടത്തിന്റേതും. കച്ചവടക്കാരൻ ബാഹ്യമായി നോക്കുമ്പോൾ തന്റെ ധനംകൊണ്ടാണ് കച്ചവടം നടത്തുന്നത്. പക്ഷേ, അയാളുടെ കച്ചവടം രാജ്യസുരക്ഷ കൂടാതെ ഒരിക്കലും മുമ്പോട്ടുപോകുകയില്ല. സമാധാനസ്ഥാപനത്തിൽ രാജ്യത്തിലെ ഓരോ വ്യക്തിയും ഭാഗഭാക്കാണ്. അതുകൊണ്ട് അതിന്റെ അവകാശം നല്കുന്നതിനും മറ്റുള്ളവരുടെ അവകാശം അടങ്ങിയിട്ടുള്ള ആ സമ്പത്തുകളിൽനിന്നും അത് നിറവേറ്റപ്പെടുന്നതിനും കച്ചവടപരമായ സ്വത്തുക്കളിലും ഇസ്‌ലാം സക്കാത്ത് നിശ്ചയിച്ചിരിക്കുന്നു. അത്തരത്തിലുള്ള എല്ലാ രൂപയും മനുഷ്യകുലവുമായി ബന്ധപ്പെട്ടരിക്കുന്ന മൊത്തത്തിലുള്ള കാര്യങ്ങൾ നിറവേറ്റുന്നതിനും അത് നടപ്പിൽവരുത്തുന്നതിനും ചെലവഴിക്കുക.*(തഫ്സീറെ കബീർ വാള്യം 6, പേജ് 127,128 പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

പറഞ്ഞു: 'ഇല്ല. അല്ലാഹുവാണെസത്യം!അവൻ അങ്ങയെ ഒരിക്കലും അപമാനിക്കുകയില്ല. അങ്ങ് കുടുംബബന്ധം പുലർത്തുന്നു. പരാശ്രയരുടെ ഭാരം ചുമക്കുന്നു. അഗതികൾക്ക് സ്വയം അധ്വാനിച്ച് സഹായം ചെയ്തുകൊടുക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. വിപൽ ഘട്ടങ്ങളിൽ ശരിയായ സഹായം നൽകുന്നു.' ഇത്തരം ധാർമികഗുണങ്ങളുള്ള മനുഷ്യന് എന്തപായം വരാനാണ്?' *(ബുഖാരി, കിതാബുൽ വഹീ)*

എതിരാളികൾ ഇസ്‌ലാമിനോടും ഇസ്‌ലാംമത സ്ഥാപകരോടും കാണിച്ച ശത്രുതയുടെ കാഠിന്യം ഖദീജബീബീﷺ കണ്ടതാണ്. നുബൂവ്വത്തിന്റെ ഏഴാംവർഷം ഖുറയ്ശികൾ ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി മുഹമ്മദിനേയും അദ്ദേഹത്തിന്റെ കുടുംബത്തേയും അബീത്വാലിബിന്റെ അധീനത്തിലുണ്ടായിരുന്ന ഒരു താഴ്‌വരയിൽ അഭയം തേടാൻ നിർബന്ധിതരാക്കി. ഈ തടവുകാരിൽ നബിﷺതിരുമേനിയോടൊപ്പം ഹദ്റത്ത് ഖദീജബീബീയുമുണ്ടായിരുന്നു. തുടർച്ചയായ മൂന്നു വർഷം അവിടെ പലവിധ ത്യാഗം സഹിച്ച് കഴിയേണ്ടിവന്നു. തുറന്ന ആകാശത്തിൻകീഴിൽ വിശപ്പും ദാഹവും കാലാവസ്ഥയുടെ കാഠിന്യവും ബന്ധുമിത്രാദികളിൽനിന്നുള്ള വേർപെടുത്തലുമെല്ലാം സഹിച്ചു. പക്ഷേ, അല്ലാഹുവിന്റെ റസൂലിനെ അവർ കൈവിട്ടില്ല. എന്നാൽ, പട്ടിണി അതിന്റെ ലക്ഷണം കാണിക്കാൻ തുടങ്ങി. ഈ ദിവസങ്ങളിലെ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും സഹിക്കവയ്യാതെ നബിﷺതിരുമേനിയുടെ കരാർ പൂർത്തിയാക്കുന്ന ഈ ഭാര്യ മരണപ്പെട്ടു. (ഇന്നാലില്ലാഹ്) നബിﷺതിരുമേനിക്ക് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഖദീജയുടെ വേർപാട് ജീവിതകാലം മുഴുവൻ മറക്കാൻ കഴിഞ്ഞില്ല. അവർ അങ്ങേയറ്റം ഭാഗ്യവതിയായ സ്ത്രീയാണ്. അവരെക്കുറിച്ച് നബിﷺതിരുമേനി ഇപ്രകാരം പറഞ്ഞു: "ഖദീജയേക്കാൾ ഉന്നതരായവർ മറ്റാരുമില്ല. ലോകം മുഴുവനും എന്നെ നിഷേധിച്ചപ്പോൾ അവർ എന്നിൽ വിശ്വാസമർപ്പിച്ചു. ലോകം മുഴുവനും എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സത്യപ്പെടുത്തി. മുഴുവൻ ആളുകളും എന്നെ ഉപേക്ഷിച്ചപ്പോൾ തന്റെ ധനംകൊണ്ട് അവരെന്നെ സഹായിച്ചു. എന്റെ ഗുണകാംക്ഷിയായി. അല്ലയോ ആഇശാ, ഞാനെന്ത് ചെയ്യാനാണ്. ഖദീജയോടുള്ള സ്നേഹം ഞാൻ കുടിപ്പിക്കപ്പെട്ടിരിക്കുന്നു. എന്റെ ഹൃദയത്തിൽ ഇടപ്പെടുകയും ചെയ്തിരിക്കുന്നു.' *(മുസ്‌ലിം)*

ബഹുമാനപ്പെട്ട മൗലാന ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബിന്റെ വാക്കുകളിൽ ഞാൻ അവർക്ക് അഭിമാനമർപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഖദീജﷺ ഇന്ന് ഈ ലോകത്തില്ല. അവരുടെ ഖബ്റിന്റെ അടയാളവും നശിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അവരുടെ പേരും പ്രവൃത്തിയും രണ്ടും എന്നെന്നും ജീവിച്ചിരിക്കുന്നവയാണ്. അതേപ്രകാരം നബിﷺതിരുമേനിയുടെ അനുഗൃഹീത ചുണ്ടിൽനിന്ന് പുറപ്പെട്ട പ്രശംസാവാചകങ്ങളും ഈ അന്തരീക്ഷത്തിൽനിന്ന് മായ്ച്ചുകളയാനും സാധിക്കുകയില്ല. അതു നിശ്ചയമായും റസൂലിന്റെ ഓരോപ്രേമിയുടെ മനസ്സിലും ഹൃദയത്തിലും ബുദ്ധിയിലും സുരക്ഷിതമാണ്. ഖിയാമത്തുനാൾ വരെ അവ മുഴങ്ങിക്കൊണ്ടിരിക്കും. ഹദ്റത്ത് ഖദീജﷺപ്രതാപത്തിന്റേയും പവിത്രയുടേയും ശാശ്വതമായ പീഠത്തിലിരിക്കുന്ന ജീവനുള്ള നബിയുടെ, റസൂലിന്റെ, രാജകുമാരനായ മുഹമ്മദിന്റെ ആദ്യത്തെ ജീവിതസഖി എന്ന നിലയിലും തീർച്ചയായും ഇരുലോകത്തിലും അവർ രാജ്ഞിയാണ്.

മുഹമ്മദിന്റെ നാഥനാണെ സത്യം! ലോകത്തുള്ള ഒരു വൻശക്തിക്കും അവരുടെ ഈ ആത്മീയകിരീടം തട്ടിയെടുക്കാൻ സാധിക്കുകയില്ല. അതേപോലെ അവരുടെ ആത്മീയ സാമ്രാജ്യത്തിന് ഒരിക്കലും മങ്ങലേൽക്കുകയുമില്ല. **അല്ലാഹുമ്മ സ്വല്ലി അലാ സയ്യിദിനാ വ മൗലാനാ മുഹമ്മദിൻ വ അലാ അസ്‌വാജി മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻമ്മജീദ്.**"

രണ്ടാമത്തെ സ്മരണ നബിﷺതിരുമേനിയുടെ പ്രേമഭാജനമായ ഹദ്റത്ത് ആഇശﷺയുടേതാണ്. അല്ലാഹു ഹദ്റത്ത് ആഇശﷺയുടെ ചിത്രം പട്ടുറുമ്മാലിൽ പൊതിഞ്ഞതായി നബിﷺതിരുമേനി കണ്ടു. ഹദ്റത്ത് ആഇശﷺചുരുങ്ങിയത് 9 വർഷം നബിﷺതിരുമേനിയുടെ കൂടെ ജീവിച്ചു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഓരോ നിമിഷവും ഹദ്റത്ത് ആഇശﷺആ മഹാത്മാവിൽനിന്ന് മതം പഠിക്കുകയും അദ്ദേഹത്തിന്റെ ഓരോ അനക്കമടക്കവും വളരെ ശ്രദ്ധയോടുകൂടി വീക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവർ മതപഠനത്തിൽ അവഗാഹംനേടി. അതിന്റെ ഫലമായി ഹദ്റത്ത് ആഇശﷺമുജ്തഹ്ദീൻ (മതപരമായ കാര്യങ്ങൾ തീരുമാനിക്കുന്ന പണ്ഡിതയായ സ്വഹാബി)എന്നതിൽ ഉൾപ്പെട്ടിരുന്നു.

ജാമിഅത്തുർമുദിയിൽ ഹദ്റത്ത് അബൂ മൂസ അശ്അരിﷺ നിവേദനം ചെയ്ത ഹദീഥ് ഇപ്രകാരമാണ്. ഹദ്റത്ത് ആഇശയോടു ഏതെങ്കിലും കാര്യം ചോദിച്ചിട്ട് അതിനുള്ള മറുപടി ലഭിക്കാത്ത പ്രയാസകരമായ ഒരു കാര്യവുമുണ്ടായിരുന്നില്ല. ഹദ്റത്ത് ആഇശﷺചെറുപ്രായത്തിലായിരുന്നിട്ടും നബിതിരുമേനിയുടെ ഭാര്യയായി. നബിﷺതിരുമേനിയോട് പരിപൂർണമായി സഹകരിച്ചു. നബിﷺതിരുമേനി ഭയഭക്തിയോടുകൂടിയുള്ള ജീവിതമായിരുന്നു നയിച്ചത്. ദിവസങ്ങളോളം അടുപ്പിൽ തീ പുകഞ്ഞിരുന്നില്ല. മണ്ണുകൊണ്ട് നിർമിച്ച വീടായിരുന്നു. ഹദ്റത്ത് ആഇശതന്നെയാണ് വീട്ടിലെ മുഴുവൻ ജോലിയും ചെയ്തിരുന്നത്. ഗോതമ്പ് പൊടിക്കുകയും കുഴയ്ക്കുകയും ഭക്ഷണം പാകം ചെയ്യുകയും ചെയ്തിരുന്നു. നബിﷺതിരുമേനിയുടെ വിരിപ്പ് എപ്പോഴും സ്വന്തം കൈകൊണ്ട് വിരിക്കാറുണ്ടായിരുന്നു. തലഭാഗത്ത് വെള്ളവും മിസ്‌വാക്കും വെച്ചിരുന്നു. അവർ പറയുന്നു: ഭാര്യമാരായ ഞങ്ങളുടെ ഓരോരുത്തരുടേയും പക്കൽ ഒരു ജോഡി വസ്ത്രമല്ലാതെ മറ്റൊരു വസ്ത്രമുണ്ടായിരുന്നില്ല. അവർ യുദ്ധങ്ങളിൽ നബിﷺതിരുമേനിയുടെ കൂടെ പങ്കെടുക്കാറുണ്ടായിരുന്നു. മുറിവേറ്റവർക്ക് വെള്ളം കുടിപ്പിക്കുന്ന സേവനവും ചെയ്യാറുണ്ടായിരുന്നു.

വിജയം കൈവരിക്കാൻ തുടങ്ങുകയും യുദ്ധമുതൽ ധാരാളമായി വരികയും ചെയ്തപ്പോൾ ഭാര്യമാരും ചെലവിനായി അധികം ആവശ്യപ്പെട്ടു. അതിൽ നബിﷺതിരുമേനിക്ക് അതൃപ്തി തോന്നി. അദ്ദേഹം ഒരുമാസംവരെ മുഴുവൻ ഭാര്യമാരിൽനിന്നും വിട്ടുനിന്നു. കരാറിന്റെ കാലാവധി അവസാനിച്ചപ്പോൾ നബിﷺതിരുമേനി ഏറ്റവുമാദ്യം ഹദ്റത്ത് ആഇശയുടെﷺവീട്ടിലാണ് പോയത്. ആ സമയത്ത് അല്ലാഹുവിന്റെ കൽപ്പന അഹ്സാബ് അധ്യായത്തിലെ 29,30 വചനം കേൾപ്പിച്ചു. അവയുടെ അർഥം ഇപ്രകാരമാണ്.

"ഓ നബി! നിന്റെ ഭാര്യമാരോടു പറയുക, നിങ്ങൾ ഐഹികജീവിതത്തേയും അതിലെ അലങ്കാരത്തേയുമാണ് ഉദ്ദേശിക്കുന്നതെങ്കിൽ വരൂ, ഞാൻ നിങ്ങൾക്ക് ജീവിതവിഭവങ്ങൾ നൽകുകയും മാന്യമായ നിലയിൽ നിങ്ങളെ വിട്ടയക്കുകയും ചെയ്യാം. (നേരെമറിച്ച്) അല്ലാഹുവിനേയും അവന്റെ ദൂതനേയും പരലോകത്തേയുമാണ് നിങ്ങളുദ്ദേശിക്കുന്നതെങ്കിൽ നിങ്ങളിൽനിന്നുള്ള സൽക്കർമകാരികൾക്ക് അല്ലാഹു മഹത്തായ പ്രതിഫലമാണൊരുക്കിവെച്ചിട്ടുള്ളത്."

നബിﷺതിരുമേനി പറഞ്ഞു: "നിങ്ങൾ ഇതിന് മറുപടി നല്കുക."

യുദ്ധമുതൽ ധാരാളമായി വരുന്നതുകണ്ട് ഒരുപക്ഷേ, ഭാര്യമാർ ചെലവിന് ധാരാളം ചോദിച്ചിട്ടുണ്ടായിരിക്കും. എന്നാൽ, നബിﷺതിരുമേനിയുടെ വെറുപ്പ് ആരാണ് സഹിക്കുക. ഹദ്റത്ത് ആഇശﷺപെട്ടെന്നുതന്നെ മറുപടി പറഞ്ഞു: 'എന്റെ യജമാനരേ! അല്ലാഹുവിനേയും അവന്റെ റസൂലിനേയും പരലോകത്തേയുമാണ് ഞാനിഷ്ടപ്പെ

ടുന്നത്. മറ്റുള്ള ഭാര്യമാരും ഇതേ മറുപടിതന്നെ പറഞ്ഞു. ലോകത്തുള്ള മുഴുവൻ സ്ത്രീകൾക്കുംവേണ്ടി ഒരു മാതൃകയായി അവർ നിലനിന്നു.

നബിﷺതിരുമേനി വഫാത്താകുമ്പോൾ ഹദ്റത്ത് ആഇശؓയുടെ പ്രായം വെറും 20 വയസ്സായിരുന്നു. അവർ അങ്ങേയറ്റം സഹനത്തിന്റേയും സ്ഥൈര്യത്തിന്റേയും മാതൃക കാഴ്ചവെച്ചു. അവർ താമസിച്ചിരുന്ന മുറി നബിﷺതിരുമേനിയുടെ അന്ത്യ വിശ്രമസ്ഥലമാക്കി മാറ്റി. പിന്നീട് ഹദ്റത്ത് അബൂക്റിനേയും ഈ മുറിയിലാണ് ഖബറടക്കം ചെയ്തത്. ഹദ്റത്ത് ആഇശؓയുടെ വ്യക്തിത്വത്തിൽ വൈകാരികമായ വലിയ മാതൃക അടങ്ങിയിട്ടുണ്ട്. ഹദ്റത്ത് ആഇശؓതന്റെ മുറിയിൽ ബാക്കിസ്ഥലം തനിക്കായി മാറ്റിവെച്ചതാണ്. എന്നാൽ, ഹദ്റത്ത് ഉമർ തന്റെ മകനെ ഹദ്റത്ത് ആഇശؓയുടെ അടുത്ത യക്കുകയും തന്നെയും ആ മുറിയിൽ ഖബ്റടക്കം ചെയ്യാൻ അനുവാദം ചോദിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഹദ്റത്ത് ആഇശؓ പറഞ്ഞു: 'ഈ സ്ഥലം ഞാൻ എനിക്കായി മാറ്റിവെച്ചതാണ്. എന്നാൽ, ഞാൻ എന്റെ അസ്തിത്വത്തേക്കാളും ഉമറിന് മുൻഗണന നൽകുന്നു. എന്റെ അങ്ങേയറ്റത്തെ പ്രേമഭാജനമായ ഭർത്താവിനോടൊപ്പവും മഹാനായ പിതാവിനോടൊപ്പവും എന്റെ ഖബ്റടക്കം ചെയ്യണമെന്ന എന്റെ ആഗ്രഹത്തെ ഖലീഫയുടെ ആഗ്രഹം പൂർത്തിയാക്കുന്നതിനു വേണ്ടി ഞാൻ ബലികഴിക്കുകയാണ്.'

ഹദ്റത്ത് ഉമ്മുസലമയുടെ അവസ്ഥ നോക്കിയാലും. അവർ അങ്ങേയറ്റം അഭിമാനത്തോടും അനുഗ്രഹത്തോടുംകൂടിയാണ് ജീവിച്ചിരുന്നത്. മുസ്‌ലിമായതിനുശേഷം തന്റെ ഭർത്താവിനോടൊപ്പം ഹബ്ശയിലേക്ക് പലായനം ചെയ്തു. അവരുടെ ഭർത്താവ് നബിﷺതിരുമേനിയുടെ മുലകുടിബന്ധത്തിലുള്ള സഹോദരനായിരുന്നു. ഇവരാണ് ആദ്യം പലായനം ചെയ്ത സ്ത്രീ. ഹബ്ശയിൽനിന്ന് തിരിച്ചുവന്ന് മദീനയിലേക്ക് പലായനം ചെയ്യാൻ ആഗ്രഹിച്ചതും അവർതന്നെ. കാരണം മക്ക ആദ്യത്തേതിനേക്കാളും കൂടുതൽ രക്തദാഹിയായിരുന്നു. ഹിജ്റത്ത് സമയത്ത് അവരുടെ ഗോത്രം തടസ്സപ്പെടുത്തുകയും അവരെ പോകാൻ അനുവദിക്കാതിരിക്കുകയും ചെയ്തു. അവസാനം അബൂസലമ തനിച്ച് മദീനയിൽ പോയി. അദ്ദേഹം പോയതിനുശേഷം ഭാര്യവീട്ടുകാർ അവരുടെ നിഷ്കളങ്കയായ പുത്രി സലമയെ തട്ടിക്കൊണ്ടുപോയി. ഉമ്മു സലമയ്ക്ക് അങ്ങേയറ്റത്തെ വിഷമമുണ്ടായി. ദിനംപ്രതി അവർ ഭയന്നുകൊണ്ട് പുറത്ത് മൈതാനത്തിലിറങ്ങി വന്നു. മുഴുവൻ പകലും കരയുകയും ചെയ്തു. ഒരു വർഷംവരെ അതു തുടർന്നു. അവസാനം അവരുടെ പിതൃവ്യസഹോദരന്മാർക്ക് കരുണ തോന്നി. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ അടിയാറുകളേ! നിങ്ങൾ ഈ വിനീതയായ അഗതിയെ എന്തുകൊണ്ട് മോചിപ്പിക്കുന്നില്ല. അപ്പോൾ അവർക്കും ദയ തോന്നി. അങ്ങനെ അവർക്ക് അവരുടെ ഭർത്താവിന്റെയടുക്കൽ പോകാൻ അനുമതി കൊടുത്തു. പിന്നീട് ഭാര്യാവീട്ടുകാർക്കും കരുണ തോന്നുകയും കുട്ടിയെ അവർക്ക് കൊടുക്കുകയും ചെയ്തു. അങ്ങനെ ഉമ്മുസലമؓമദീനയിലെത്തി. അവരുടെ ഭർത്താവ് അബൂസലമ കുതിരസവാരിയിൽ നൈപുണ്യമുള്ളയാളായിരുന്നു. അദ്ദേഹത്തിന് ഉഹുദുയുദ്ധത്തിൽ ഗുരുതരമായ പരിക്കേറ്റു. അതിന്റെ ഫലമായി അദ്ദേഹം വഫാത്തായി. വഫാത്ത് വിവരം കേട്ടയുടനെ നബിﷺതിരുമേനി അദ്ദേഹത്തിന്റെ വീട്ടിലെത്തി. അവിടെ അലമുറയുയർന്നിരുന്നു. ഉമ്മുസലമؓ പറയാറുണ്ടായിരുന്നു. ഈ ദാരിദ്ര്യത്തിലെന്ത് മരണമാണുണ്ടായത്. നബിﷺതിരുമേനി ക്ഷമ കൈക്കൊള്ളാൻ ഉപദേശിച്ചു. അല്ലാഹു ഇദ്ദേഹത്തേക്കാൾ ഉത്തമനായ പ്രതിനിധിയെ നൽകട്ടെ എന്ന് ദുആ ചെയ്യാൻപറയുകയും ചെയ്തു. നബിﷺതിരുമേനി അബൂസലമയുടെ ജനാസ നമസ്കാരത്തിൽ 9 തക്ബീർ ചൊല്ലി. ഇതിനെക്കുറിച്ച് നബിﷺതിരുമേനിയോട് ചോദിച്ചപ്പോൾ ഇദ്ദേഹം ആയിരം തക്ബീറിന് അർഹതപ്പെട്ടയാളായിരുന്നുവെന്നാണ് അവിടന്ന് മറുപടി പറഞ്ഞത്. ആ സമയത്ത് ഉമ്മുസലമ ഗർഭിണിയായിരുന്നു. പ്രസവത്തിന് കുറേകാലത്തിനുശേഷം നബിﷺതിരുമേനി അവരെ വിവാഹം കഴിക്കാനുള്ള അനുവാദം ചോദിച്ചു. ഞാൻ വലിയ ലജ്ജയുള്ളവളാണ്. കുട്ടികളുള്ളവളാണ്. വയസ്സും കൂടുതലാണ്. നബിﷺതിരുമേനി ഈ എല്ലാ ഒഴിവുകൾക്കും തൃപ്തികരമായ മറുപടി നൽകി. തന്നിമിത്തം അവരുടെ വിവാഹം നബിﷺതിരുമേനിയുമായി നടന്നു.

മുസ്‌ലിമീങ്ങളിലെ ആദ്യത്തെ രക്തസാക്ഷി വനിത ഹദ്റത്ത് സുമയ്യؓ ഇസ്‌ലാം സ്വീകരിച്ചവരിൽ ഏഴാമത്തെ ആളായിരുന്നു. ഇവരെ ശിർക് ചെയ്യിക്കാൻ അന്യാരാധകർ അങ്ങേയറ്റം ശ്രമിച്ചു. മക്കയിലെ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ ഇരുമ്പിന്റെ ചങ്ങലക്കിട്ടുകൊണ്ടും വിശപ്പും ദാഹവും സഹിപ്പിച്ചുകൊണ്ടും മുഴുവൻ ദിവസവും നിറുത്തുമായിരുന്നു. എന്നാൽ, സുമയ്യയുടെ ദൃഢഗാഢമായ വിശ്വാസത്തിനുമുമ്പിൽ അവരുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. ഒരു രാത്രി അബൂജഹ്ൽ അവരെ ചീത്തവിളിക്കാൻ തുടങ്ങി. പിന്നെ അയാളുടെ ദ്വേഷം വർധിക്കുകയും ചാടിയെഴുന്നേറ്റ് കുന്തംകൊണ്ട് അവരെ കുത്തുകയും അതിൽ ഹദ്റത്ത് സുമയ്യ ശഹീദാവുകയും ചെയ്തു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ഹദ്റത്ത് ഉമ്മുഅമ്മാറയുടെ ബന്ധം ബനൂ നജ്ജാറുമായിട്ടായിരുന്നു. മദീനയിലാണ് ജനിച്ചത്. പലായനത്തിന്റെ മൂന്നാമത്തെ വർഷം സത്യനിഷേധികളുടെ സൈന്യം വരുന്നുണ്ടെന്ന വാർത്ത കിട്ടിയയുടനെ യുദ്ധത്തിനുള്ള തയ്യാറെടുപ്പു തുടങ്ങിയപ്പോൾ ഹദ്റത്ത് ഉമ്മുഅമ്മാറؓ യുദ്ധത്തിൽ പരിക്കുപറ്റിയവർക്ക് മുറിവ് കെട്ടികൊടുക്കാനും വെള്ളം കൊടുക്കാനും കൂടെ പോകാൻ അപേക്ഷ നൽകി. അതിന് അനുമതി ലഭിച്ചു. അവർ തന്റെ ഭർത്താവിന്റേയും രണ്ട് മക്കളുടേയും കൂടെ യുദ്ധത്തിൽ പങ്കെടുത്തു. പരിക്കേറ്റവർക്ക് വെള്ളം കുടിപ്പിക്കുന്നതിനിടയിൽ അവർ നബിﷺതിരുമേനിയെ അപകടത്തിൽ കണ്ടപ്പോൾ വെള്ളത്തിന്റെ തോൾസഞ്ചി വലിച്ചെറിയുകയും വാളെടുത്തുകൊണ്ട് നബിﷺ തിരുമേനിയുടെ അടുത്തുപോകുകയും ശത്രുക്കളെ പ്രതിരോധിക്കാൻ തുടങ്ങുകയും ചെയ്തു. സത്യനിഷേധികൾ നബിﷺതിരുമേനിക്ക് കഷ്ടത വരുത്തുന്നതിന് അക്രമത്തിനുമേൽ അക്രമം അഴിച്ചുവിട്ടു. ആ മഹാത്മാവിന്റെ അടുത്ത് വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ നബിﷺതിരുമേനിയുടെ സംരക്ഷണത്തിനുവേണ്ടി തങ്ങളുടെ ജീവൻകൊണ്ട് പന്താടുകയായിരുന്നു. ഇത്തരം ഗുരുതരവും ഭയാനകവുമായ അവസരത്തിൽ ഈ ധൈര്യശാലിയായ വനിത നബിﷺ തിരുമേനിക്കുവേണ്ടി പൊരുതുകയായിരുന്നു. സത്യനിഷേധികൾ നബിﷺ തിരുമേനിയുടെമേൽ അക്രമം അഴിച്ചുവിടുമ്പോൾ അവർ കുന്തവും വാളുംകൊണ്ട് അവരെ തടഞ്ഞു. നബിﷺതിരുമേനിതന്നെ പറഞ്ഞു: 'ഞാൻ ഉഹുദുയുദ്ധത്തിൽ ഉമ്മുഅമ്മാറയെ തുടർച്ചയായി എന്റെ ഇടത്തും വലത്തും യുദ്ധം ചെയ്യുന്നത് കണ്ടിരുന്നു. ഇബ്നു ഖമിയ്യ നബിﷺതിരുമേനിയുടെ അടുത്തെത്തിയപ്പോൾ ഈ ധൈര്യശാലിയായ സ്ത്രീ അയാളെ തടഞ്ഞു. ആ നിർഭാഗ്യവാൻ വാളുകൊണ്ട് അവരെ വെട്ടി. ആ ധൈര്യവതിയായ വനിതയുടെ ചുമലിൽ ഗുരുതരമായ പരിക്കേറ്റു. ആ മുറിവ് ആഴമുള്ളതായിരുന്നു. പക്ഷേ, അവരുടെ കാല് പിറകോട്ടുവെച്ചില്ല. മറിച്ച് മുന്നോട്ടു നീങ്ങിക്കൊണ്ട് അയാളെ വാളുകൊണ്ട് ആക്രമിച്ചു. വളരെ ശക്തമായി അയാളുടെമേൽ വെട്ടി. അയാൾ ഇരട്ടപടച്ചട്ട ധരിച്ചില്ലായിരുന്നെങ്കിൽ വധിക്കപ്പെടുമായിരുന്നു.'

ഇനി അസ്മാ ബിൻത് അബൂബക്റിന്റെؓഅവസ്ഥ കേട്ടാലും. സത്യവിശ്വാസം കൈക്കൊള്ളുന്നവരിൽ പതിനെട്ടാമത്തെ ആളായിരുന്നു അവർ. അവരുടെ കഥ ഇപ്രകാരമാണ്. അവരുടെ മകൻ അബ്ദുല്ലാഹ് ബിൻ സുബയ്ർؓ ശഹീദായപ്പോൾ ഹജ്ജാജ് അദ്ദേഹത്തിന്റെ മൃതശരീരം കുരിശിൽ തറച്ചു തൂക്കിയിട്ടു. മൂന്നുദിവസം കഴിഞ്ഞപ്പോൾ ഹദ്റത്ത് അസ്മാؓകനീസിനോടൊപ്പം മകന്റെ മൃതശരീരത്തിനടുത്തു വന്നു. മൃതശരീരം തലകീഴായിട്ടായിരുന്നു തൂക്കിയിട്ടിരുന്നത്. സങ്കടം സഹിച്ചുകൊണ്ട് ഈ ദൃശ്യം അവർ നോക്കികണ്ടു. എന്നിട്ട് അങ്ങേയറ്റം സ്ഥൈര്യത്തോടുകൂടി പറഞ്ഞു: 'എന്ത്, ഇവനെ കുരിശിൽനിന്ന് താഴേയിറക്കാൻ സമയമായില്ലേ?' കുറച്ചു ദിവസത്തിനുശേഷം അബുൽമുൽക്കിന്റെ കൽപ്പന പ്രകാരം ഹജ്ജാജ് മൃതശരീരം താഴെയിറക്കിക്കൊണ്ട് യഹൂദികളുടെ ഖബ്ർസ്താനിൽ എറിഞ്ഞു. ഹദ്റത്ത് അസ്മാؓ ആ മൃതശരീരം എടുത്ത് വീട്ടിൽ കൊണ്ടുപോകുകയും കുളിപ്പിക്കുകയും ജനാസ നമസ്കരിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് ഇബ്നു സുബയ്റിന്റെ സന്ധികളെല്ലാം വേർപെട്ടിരുന്നു. കുളിപ്പിക്കാൻ വേണ്ടി ഏതെങ്കിലും അവയവം പൊക്കുകയാണെങ്കിൽ അതും ഒപ്പം വരുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ കാരുണ്യം അദ്ദേഹത്തിൽ ഇറങ്ങിയിരുന്നതുകൊണ്ട് ഹദ്റത്ത് അസ്മാؓ

**• ഹദീഥുന്നബ്‌വിﷺ •**

**"ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി."**


**കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.**

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ യശ്ക്കുറല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ."**

**ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.**



ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ഈ അവസ്ഥ കണ്ടിട്ടും സഹനം കൈക്കൊണ്ടു. അബ്ദുല്ലായുടെ മൃതശരീരം കാണുന്നതുവരെ തനിക്ക് മരണം വരരുതെന്ന് ഹദ്റത്ത് അസ്മാﷺ പ്രാർഥിച്ചുകൊണ്ടിരുന്നു. ഒരാഴ്ച കടന്നുപോയിട്ടുണ്ടാകില്ല ആ അവസരത്തിൽ ഹദ്റത്ത് അസ്മായും വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ആ സമയത്ത് അവരുടെ പ്രായം 100 വയസ്സായിരുന്നു.

ഹദ്റത്ത് ഉമ്മുഅബ്ബാൻﷺ തന്റെ ഭർത്താവിന്റെ ആയുധം ധരിച്ചുകൊണ്ട് യുദ്ധമൈതാനത്തെത്തി. മുസ്‌ലിമീങ്ങളോടൊപ്പംചേർന്ന് റോമിൽ അമ്പെയ്ത്ത് നടത്തി. ഡമാസ്കസിലെ ഭരണകർത്താവ് ഒരു നിലയിലും പിന്നോട്ടു മാറാൻ തയ്യാറായിരുന്നില്ല. അവർ അമ്പെയ്ത്തിൽ വളരെ നൈപുണ്യം നേടിയവരായിരുന്നു. അവർ ഉന്നംവെച്ചുകൊണ്ട് അയാളുടെ കണ്ണിൽ അമ്പെയ്തു. അതിനെ തുടർന്ന് ബഹളംവച്ചുകൊണ്ട് അയാൾ പിന്നിലേക്കു മാറി. പിന്നീട് റോമൻകാരും ഓടിപ്പോയി.

ഹദ്റത്ത് ഖൻസാഅ്ﷺ തന്റെ വാർദ്ധക്യകാലത്താണ് ഇസ്‌ലാം സ്വീകരിച്ചത്. അവർ ഖാദിസിയ യുദ്ധത്തിൽ തന്റെ നാലു മക്കളേയുംകൂട്ടി യുദ്ധമൈതാനത്ത് വന്നു. അവരെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം ഉപദേശിച്ചു: 'എന്റെ പ്രിയപ്പെട്ട മക്കളേ, നിങ്ങൾ ഇസ്‌ലാമിനേയും പലായനത്തേയും സ്വന്തം ഇഷ്ടപ്രകാരമാണ് സ്വീകരിച്ചത്. നിങ്ങളുടെ രാജ്യത്തിന് നിങ്ങൾ ഭാരമുള്ളവരായിരുന്നില്ല. നിങ്ങളിൽ വരൾച്ചയുണ്ടായിരുന്നില്ല. ഇതിനൊക്കെ പുറമെ നിങ്ങൾ നിങ്ങളുടെ വൃദ്ധമാതാവിനെയും ഇവിടെ കൊണ്ടുവരികയും അതായത് ഫാരിസിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്തു. അല്ലാഹുവാണെ സത്യം! നിങ്ങൾ ഒരേ മാതാപിതാക്കളുടെ മക്കളാണ്. ഞാനൊരിക്കലും നിങ്ങളുടെ പിതാവിനോടു വിശ്വാസവഞ്ചന കാണിച്ചിട്ടില്ല. നിങ്ങളുടെ അമ്മാവനെ നിന്ദിക്കുകയും ചെയ്തിട്ടില്ല. ഈ ലോകം നശ്വരമാണ്. സത്യനിഷേധികളോടു ജിഹാദ് ചെയ്യുന്നത് വലിയ പുണ്യമാണെന്ന് നിങ്ങൾ അറിയുന്നില്ലേ? അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീന ആമനു സ്ബിറൂ വസ്വാബിറൂ വറാബിത്വൂ**(സത്യവിശ്വാസികളേ! നിങ്ങൾ സഹനം കൈക്കൊള്ളുക;നിങ്ങൾ സഹനം കൈക്കൊള്ളുന്നതിൽ മറ്റുള്ളവരെ ജയിക്കുക (3:201) ഇതിന്റെ അടിസ്ഥാനത്തിൽ രാവിലെ എഴുന്നേറ്റ് യുദ്ധത്തിന് തയ്യാറാവുക. അവസാന നിമിഷംവരെ യുദ്ധം ചെയ്യുക. അങ്ങനെ നാലുമക്കളും ഒരുമിച്ച് കുതിരയെ പായിച്ചു. വളരെ ആവേശത്തിൽ യുദ്ധഗാനം ചൊല്ലിക്കൊണ്ട് നിഷേധികളെ ക്ഷണത്തിൽ ആക്രമിച്ചു. ഹദ്റത്ത് ഖൻസാഅ് മക്കളെ അയച്ചുകൊണ്ട് കാട്ടിൽ പോകുകയും പ്രാർഥനാനിരതയാവുകയും ചെയ്തു. അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. മുസ്‌ലിമീങ്ങൾക്ക് അവൻ വിജയം നൽകുകയും ഈ സ്ത്രീസ്വഹാബിയുടെ നാലു മക്കളും ജീവനോടുകൂടി തിരിച്ചുവരികയും ചെയ്തു.

ഹദ്റത്ത് ഉമ്മുശരീക് ദൗസിയﷺ സത്യവിശ്വാസം സ്വീകരിച്ചപ്പോൾ അവരുടെ ബന്ധുക്കൾ അവരെ ഉപദ്രവിക്കാൻ തുടങ്ങി. അതിനുവേണ്ടി അവരെ വെയിലത്ത് നിറുത്തുകയും അതികഠിനമായ ചൂടോടുകൂടി തേൻപോലുള്ള ചൂടുള്ള സാധനം കഴിപ്പിക്കുകയും വെള്ളം കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു രീതിയാണ് അവർ സ്വീകരിച്ചത്. ഇതിന്റെ ഫലമായി അവർക്ക് ബോധമില്ലാതായി. ഈയവസ്ഥയിൽ ശത്രുക്കൾ ഇസ്‌ലാം ഉപേക്ഷിക്കാൻ അവരോടു പറയുന്നുണ്ടായിരുന്നു. പക്ഷേ, അവർക്കൊന്നും മനസ്സിലാകുന്നുണ്ടായിരുന്നില്ല. മനസ്സിലാക്കി കൊടുക്കുന്നിനുവേണ്ടി അവർ ആകാശത്തേക്ക് ചൂണ്ടിക്കാണിക്കുമ്പോൾ തൗഹീദിനെ നിഷേധിക്കാനാണ് അവർ പറയുന്നതെന്ന് മനസ്സിലാക്കും. പക്ഷേ, ഇതൊരിക്കലും നടക്കുകയില്ലെന്ന് അവർ മറുപടി നൽകും.

ഹദ്റത്ത് സ്വഫിയ ബിൻത് അബ്ദുൽ മുത്ത്വലിബ് നബിﷺതിരുമേനിയുടെ പിതൃസഹോദരിയായിരുന്നു. ഏകദേശം നബിﷺതിരുമേനിയുടെ സമപ്രായക്കാരിയായിരുന്നു. അങ്ങേയറ്റം ധൈര്യശാലിയായ വനിതയായിരുന്നു. അവർ പല യുദ്ധങ്ങളിലും പങ്കെടുക്കുകയും മുറിവേറ്റവരെ ശുശ്രൂഷിക്കുകയും അവരെ വെള്ളം കുടിപ്പിക്കുകയും ചെയ്യുക എന്നത് അവരുടെ രീതിയായിരുന്നു. ആവശ്യം നേരിട്ടാൽ വാളെടുത്ത് യുദ്ധവും ചെയ്യാറുണ്ട്. ഉഹുദുയുദ്ധത്തിന്റെ ഗതി മാറുകയുണ്ടായി. മുസ്‌ലിമീങ്ങൾ ഛിന്നഭിന്നമായി. അവർ കുന്തവുമെടുത്ത് വെളിയിൽ മുസ്‌ലിമീങ്ങളെ നാണംകെടുത്തി തിരിച്ചുപോകുന്നതിൽനിന്ന് തടഞ്ഞു. അതിന്റെ ഫലമായി മുസ്‌ലിമീങ്ങൾ തിരിച്ചുവരികയും നബിﷺതിരുമേനിയെ സംരക്ഷിക്കുന്നതിൽ മുഴുകുകയും ചെയ്തു. (തുടരും)

നബിﷺ തിരുമേനി അവരുടെ അളവറ്റ ധൈര്യത്തിൽ അങ്ങേയറ്റം അത്ഭു


## നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ എം.ബി.ബി.എസ്സ് ഡോക്ടറുടെ ഒഴിവ്

### അറിയേണ്ട കാര്യങ്ങൾ

(1) ഉദ്യോഗാർഥി റൊട്ടേറ്ററി ഇന്റർഷിപ്പോടുകൂടി എം.ബി.ബി.എസ്സ് ഡിഗ്രി പൂർത്തിയാക്കി കഴിഞ്ഞിരിക്കണം.
(2) ഏതെങ്കിലും സംസ്ഥാനത്തെ മെഡിക്കൽ കൗൺസിലിൽ റെജിസ്ട്രേഷനുള്ളയാളായിരിക്കണം.
(3) പ്രശസ്തമായ ഏതെങ്കിലും ആശുപത്രിയിൽനിന്ന് കുറഞ്ഞത് രണ്ടു വർഷത്തെ പ്രവർത്തനപരിചയമുണ്ടായിരിക്കണം.
(4) വയസ്സ് 30-ൽ അധികമാകാൻ പാടില്ല.(അവസ്ഥകൾ പരിഗണിച്ച് ഇതിൽ ഭേദഗതി വരുത്താവുന്നതാണ്).
(5) ഗ്രേഡ് 41020 - 884 - 33948 - 734 - 24540 - 561 - 20052 നിയമങ്ങളനുസരിച്ച് പ്രത്യേകാനുകൂല്യത്തോടുകൂടി.
(6) ഉദ്യോഗാർഥി ആരോഗ്യവാനായിരിക്കണം. മതപരമായ സ്വഭാവാവസ്ഥകൾ നല്ലതായിരിക്കണം. സംസ്കാരസമ്പന്നനായിരിക്കണം. രോഗികളോടും കൂടെ ജോലിചെയ്യുന്നരോടും സഹിഷ്ണതയോടെ പെരുമാറുന്ന ആളായിരിക്കണം. പുരുഷന്മാർക്ക് മുൻഗണന നല്കുന്നതായിരിക്കും.

**പാലിക്കേണ്ട നിർദേശങ്ങൾ:**
(1) ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തുന്ന അവസാന പരസ്യത്തിനു ശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.
(2) താൽപര്യമുള്ളവർ തങ്ങളുടെ അപേക്ഷകൾ അച്ചടിച്ചഫോറത്തിൽ പൂരിപ്പിച്ച് ജില്ല അമീർ/തദ്ദേശ അമീർ/ജമാഅത്ത് സ്വദ്ർ/മുബല്ലിഗ് ഇൻചാർജ് എന്നിവരുടെ സത്യപ്പെടുത്തുന്ന ഒപ്പോടും സീലോടും കൂടി അയക്കുക.
(3) ഇന്റർവ്യൂയിൽ വിജയിക്കുകയാണെങ്കിൽ ഉദ്യോഗാർഥി നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാകേണ്ടതാണ്. നൂർ ഹോസ്പിറ്റലിലെ പരിശോധനാ ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് ആരോഗ്യവാനായ ആളെയായിരിക്കും തിരഞ്ഞെടുക്കുക.
(4) ഖാദിയാനിൽ വരുന്നതിനുള്ള യാത്രാചെലവുകളും മെഡിക്കൽ സർട്ടിഫിക്കേറ്റും ഉദ്യോഗാർഥിയുടെ സ്വന്തം ചുമതലയിലായിരിക്കും.
(5) ഇന്റർവ്യൂവിന്റെ നേരത്ത് ഉദ്യോഗാർഥി തന്റെ അസ്സൽ സർട്ടിഫിക്കേറ്റുകൾ ഹാജരാക്കേണ്ടതാ ണ്.

**നോട്ട്:** ഇന്റർ വ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.
കൂടുതൽ വിവരത്തിന് ബന്ധപ്പെടുക:
NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN
GURUDASPUR, PUNJAB PIN:143516
MOB:96826 27592, 98882 32530, 9682587713 OFF:01872 501130
Email :diwan @qadian.in
waqfenaw@qadian.in


പേജ് 1 ൽ നിന്ന്

ഇക്കൂട്ടർ അത്തരം കാര്യങ്ങൾകൊണ്ടാഗ്രഹിച്ചത് അല്ലാഹുവിന്റെ പ്രകാശത്തെ അണയ്ക്കാനാണ്. എന്നാൽ, അവർക്ക് വിജയിക്കാൻ കഴിയുകയില്ല. അല്ലാഹുവിന്റെ പ്രകാശത്തെ അണച്ചണച്ച് സ്വയം കത്തിയമർന്ന് നിന്ദ്യരായിത്തീരുന്നു.

അല്ലാഹുവിന്റെ ആളുകളുടെ സൈന്യം ആകാശത്തിലാണുണ്ടാകുന്നത്. സത്യനിഷേധികൾക്കും ആത്മീയഭാവമില്ലാത്തവർക്കും അവരെ കാണാൻ കഴിയില്ല. അവർക്ക് മനസ്സിലാവുകയാണെങ്കിൽ, അൽപംപോലും കാണുകയാണെങ്കിൽ പേടിച്ച് നശിച്ചുപോകുമായിരുന്നു. എന്നാലും അവൻ അല്ലാഹുവിന്റെ പുതപ്പിനുകീഴിൽ വരുന്നില്ലെങ്കിൽ ഈ സൈന്യത്തെ കാണാൻ കഴിയില്ല.*(മൽഫൂദാത്ത് വാല്യം 2, പേജ് 68 - 69 പതിപ്പ് 2018 ഖാദിയാൻ)*


ഹദീസുന്നബവിﷺ
"ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കണ്ടറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവിﷺ
"ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 12-19 June 2025 Issue-24

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ലേഖനം

# സ്ത്രീസ്വഹാബാക്കളുടെ അതുല്യമായ ആത്മസമർപ്പണങ്ങൾ

**അമത്തുൽവസീഅ് ശമാഇല** (നാഇബ് സ്വദ്ർ അവ്വൽ ലജ്‌ന ഇമാഇല്ലാഹ് ഭാരത്)

**വിവർത്തനം: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്**

നബിﷺതിരുമേനിയുടെ സ്വഹാബിയാത്ത് അഥവാ സ്ത്രീസ്വഹാബാക്കളെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:**മൻഅമില സ്വാലിഹൻ മ്മിൻ ദകരിൻ ഔ ഉൻഥാ വഹുവ മുഅ്മിനുൻ ഫലനുഹ്‌യിയന്നഹൂ ഹയാത്തൻ ത്വയ്യിബത്തൻ വലനജ്സിയന്നഹും അജ്റഹും ബി അഹ് സനി മാകാനൂ യഅ്മലൂൻ**(16:98)

പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസിയായുംകൊണ്ട് സൽക്കർമം ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ലനിലയ്ക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നൽകുന്നതുമാണ്.

ഇതേപ്രകാരം ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമർرضی اللہ عنہനിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബിﷺതിരുമേനി ഇപ്രകാരം പറയുന്നതു കേട്ടു: "ഞാനെന്റെ സ്വഹാബിമാരുടെ വ്യത്യാസത്തെക്കുറിച്ച് അല്ലാഹുവിനോടു ചോദിച്ചപ്പോൾ അല്ലാഹു എന്നിൽ ഇപ്രകാരം വെളിപാടിറക്കി: മുഹമ്മദേ, നിന്റെ സ്വഹാബാക്കൾ എന്റെ പക്കൽ ആകാശത്തിലെ നക്ഷത്രങ്ങൾപ്പോലെയാണ്. ചിലർ ചിലരെക്കാൾ പ്രകാശമുള്ളത്. പക്ഷേ, പ്രകാശം എല്ലാവരിലുമുണ്ട്. അതിനാൽ ആരാണോ നിന്റെ ഏതെങ്കിലും സ്വഹാബിയെ പിൻപറ്റിയത് അവൻ എന്റെ പക്കൽ സന്മാർഗം പ്രാപിച്ചവനായിരിക്കും. ഹദ്റത്ത് ഉമർرضی اللہ عنہ ഇങ്ങനേയും പറഞ്ഞു. നബിﷺതിരുമേനിപറഞ്ഞു: എന്റെ സ്വഹാബാക്കൾ നക്ഷത്രങ്ങളെപ്പോലെയാണ്. അവരിൽ ആരെ നിങ്ങൾ പിൻപറ്റിയാലും സന്മാർഗം പ്രാപിക്കുന്നതായിരിക്കും. *(മിശ്ക്കാത്ത്, കിതാബുൽമനാഖിബ് മനാഖിബുസ്സ്വഹാബ)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: "വിശുദ്ധഖുർആനിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് മതചരിത്രത്തിൽ സ്ത്രീകൾക്ക് വലിയ സ്ഥാനമാണെന്നും സ്ത്രീകളുടെ പ്രശംസനീയമായ പ്രവൃത്തികൾക്ക് അല്ലാഹു സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നുമാണ്. അവിടന്ന് പറഞ്ഞു: സ്തുത്യർഹവും സുപ്രധാനവുമായ പ്രവൃത്തികൾ കാരണത്താൽ പുരുഷന്മാർ അതിന്റെ പ്രതിഫലത്തിൽ പങ്കാളിയാക്കപ്പെട്ടതുപോലെ സ്ത്രീകളും ആ പ്രതിഫലങ്ങളിൽ പാങ്കാളിയാക്കപ്പെട്ടു. അല്ലെങ്കിൽ അനുഗ്രഹിക്കപ്പെട്ടു. *(സ്ത്രീകളോടുള്ള പ്രഭാഷണം, 2018 ജർമനി ജൽസ സാലാന)*

നമ്മുടെ മുമ്പാകെ സദാസമയവും സ്വഹാബിമാരുടെ പ്രകാശമാനമായ മാതൃകകളെ ഓർക്കാനും നമ്മുടെ സത്യവിശ്വാസം പ്രോജ്ജ്വലമാക്കാനും നമ്മളിലും നമ്മുടെ മക്കളിലും ആ ആവേശവും ദീനിനോടുള്ള സ്നേഹവും ഉണ്ടാക്കുന്നതിനും സ്വഹാബിയാത്തിന്റെ പുണ്യചരിതവും അവരുടെ പരിശുദ്ധ ജീവിതത്തിലെ മഹത്തായ ത്യാഗങ്ങളുടെ സംഭവങ്ങളും അയവിറക്കേണ്ടതാവശ്യമാണ്. അങ്ങനെ നമ്മളും ഇസ്‌ലാമിനുവേണ്ടി നമ്മുടെ ജീവനും സമ്പത്തും സമയവും സന്താനങ്ങളും ത്യാഗം ചെയ്യുന്നതിന് സദാസമയവും തയ്യാറായിരിക്കേണ്ടതാണ്.

നബിﷺതിരുമേനിയുടെ സ്ത്രീസ്വഹാബിമാരുടെ ജീവിതം വായിക്കുമ്പോൾ മറ്റൊരുമതത്തിലും കാണാൻ സാധിക്കാത്ത നിലയിൽ ഇസ്‌ലാംമതത്തിനുവേണ്ടി അവർ ചെയ്ത ത്യാഗങ്ങളുടെ മാതൃകകൾ കാണാൻ കഴിയും. ചിലത് സാമ്പത്തികമായ ത്യാഗങ്ങളുടെ വെട്ടിത്തിളങ്ങുന്ന മാതൃകകളാണ്. ചിലത് അവരുടെ അന്തസ്സ് ത്യാഗം ചെയ്തതാണ്. ചിലത് ജീവൻ സമർപ്പിച്ചുള്ള മാതൃകകളാണ്. ചിലത് നീ പിന്തിരിയുകയാണെങ്കിൽ ഖിയാമത്തുനാളിൽ എന്റെ മുലപ്പാൽ നിഷിദ്ധമായിരിക്കുമെന്ന് മക്കളെ ഉപദേശിക്കുന്ന മാതാവിന്റെ മാതൃകയാണ്. ഇപ്രകാരം ഈമാൻ വർധിപ്പിക്കുന്ന ധാരാളം സംഭവങ്ങൾ ദർശിക്കാൻ കഴിയുന്നു. ഇസ്‌ലാമികമാനത്ത് ഈ സ്ത്രീ സ്വഹാബിമാർ പ്രകാശമാനമായ നക്ഷത്രങ്ങളെപോലെ വെട്ടിത്തിളങ്ങിക്കൊണ്ടിരിക്കുന്നു. സ്ത്രീസ്വഹാബാക്കളുടെ നിരുപമമായ ത്യാഗങ്ങൾ ഒരു നീണ്ടശൃംഖലയാണ്. ഇവിടെ സകലതും വിവരിക്കുക എന്നത് ഏറെ ദുഷ്കരവുമാണ്. ഇന്ന് ചില സ്ത്രീസ്വഹാബാക്കളുടെ ത്യാഗത്തെ കുറിച്ച് ഞാൻ സ്മരിക്കുന്നതായിരിക്കും. അവർ അല്ലാഹുവിനോടും അവന്റെ റസൂലിനോടും കൂറിന്റേയും വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അത്ഭുതാവഹമായ മാതൃകകൾ നിലനിറുത്തിയവരാണ്. മതത്തിനുവേണ്ടി ത്യാഗങ്ങൾ വരിക്കുകയും ബുദ്ധിമുട്ടുകൾ സഹിക്കുകയും യുദ്ധമുന്നണിയിൽ പല രീതിയിലുള്ള സേവനങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാണ്!

ഏറ്റവുമാദ്യമായി സത്യവിശ്വാസികളുടെ മാതാവ് ഹദ്റത്ത് ഖദീജയെ കുറിച്ച് സ്മരിക്കുന്നതാണ്. ആ മഹതിയ്ക്കാണ് എല്ലാവിധ ത്യാഗങ്ങൾക്കും ഒന്നാം സ്ഥാനം ലഭിച്ചത്.

40-ാം വയസ്സിൽ അവരുടെ വിവാഹം നബിﷺതിരുമേനിയുമായി നടന്നു. കുടുംബക്കാരിൽനിന്ന് അവർക്കുകിട്ടിയ മുഴുവൻ സ്വത്തും നബിﷺതിരുമേനിയുടെ കാൽക്കീഴിൽ കൊണ്ടുവന്നിട്ടു. കാരണം തന്റെ കൂട്ടുകാരൻ വിശ്വസ്തനും കൂറുള്ളവനുമാണെന്ന് അവരുടെ ഹൃദയത്തിൽ ദൃഢഗാഢമായ വിശ്വാസമുണ്ടായിരുന്നു. ഇതു വലിയൊരു ത്യാഗമാണ്. ഈ സമ്പത്ത് ഇസ്‌ലാമിന്റെ ദൃഢതയ്ക്ക് പ്രധാന പങ്കാണ് വഹിച്ചത്. നബിﷺതിരുമേനിയ്ക്ക് സമ്പത്തിനോടു ഒരു ആർത്തിയുമില്ലെന്നും അദ്ദേഹത്തിന്റെ സ്വഭാവം വളരെ മാന്യമാണെന്നും ജനങ്ങൾ മനസ്സിലാക്കിയിരുന്നു. അദ്ദേഹം ദരിദ്രരോടും അഗതികളോടും അങ്ങേയറ്റം അനുകമ്പയുള്ളയാളാണെന്നും അവർ തിരിച്ചറിഞ്ഞു. അടിമകളെ മോചിപ്പിക്കുന്നതിലൂടെ മനുഷ്യന്റെ അവകാശങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കാറുണ്ടെന്ന കാര്യവും അവർക്കറിയാമായിരുന്നു. ഒരു സ്ത്രീയുടെ ത്യാഗം ഇസ്‌ലാമിന് വളരെയധികം പ്രയോജനപ്പെട്ടു. അതിനുള്ള സാക്ഷ്യം സ്വയം നബിﷺതിരുമേനിതന്നെ നൽകുകയും ചെയ്തു. നബിﷺതിരുമേനി പറഞ്ഞു: മറ്റുള്ളവർക്ക് തൗഫീഖ് ലഭിക്കാത്ത സമയത്ത് ഖദീജ തന്റെ ധനംകൊണ്ട് എന്നെ സഹായിച്ചു." *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 6, പേജ് 118)*

തന്റെ ഭർത്താവിന്റെ ആരാധന കണ്ടപ്പോൾ അതിൽ അവർ തടസ്സം നിന്നില്ല. പ്രത്യുത സഹായിയായി മനസ്സുകൊണ്ടും ശരീരംകൊണ്ടും സേവിക്കുകയാണ് ചെയ്തത്. ഹിറാഗുഹയിൽ തനിച്ച് ആരാധന നടത്തുന്ന കാലത്ത് സ്വയം ഭക്ഷണം പാകംചെയ്ത് കൊണ്ടുകൊടുക്കുമായിരുന്നു. കൂടുതൽ ദിവസം തങ്ങുമ്പോൾ ഭക്ഷണം സ്വയംതന്നെ എടുത്തുകൊണ്ട് ഹിറാഗുഹയിൽ പോകുമായിരുന്നു. ഉയർന്നതും കൽപ്രദേശവുമായ ഹിറാഗുഹയെ ഒന്ന് മനസ്സിൽക്കരുതിക്കൊണ്ട് ഈ സ്ത്രീരത്നത്തിന്റെ ത്യാഗത്തെക്കുറിച്ച് ചിന്തിച്ചുനോക്കുക. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് പ്രശംസിച്ചുകൊണ്ടുള്ള സന്ദേശം വരത്തക്കവിധം അത് മഹത്തായൊരു പ്രവൃത്തിയായിരുന്നു. ഹദ്റത്ത് ജിബ്‌രീൽعليه السلامവന്നുകൊണ്ട് പറഞ്ഞു: 'യാറസൂലല്ലാഹ്! ഹദ്റത്ത് ഖദീജرضی اللہ عنہا ഭക്ഷണപാത്രവുമായി അങ്ങയുടെ അടുക്കൽ വന്നാൽ അല്ലാഹുവിന്റേയും എന്റേയും സലാം അവരോടു പറയുക. സ്വർഗത്തിൽ മുത്തുകളുടെ കൊട്ടാരത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക. അതിലൊരു ഒച്ചയോ ബഹളമോ ക്ഷീണമോ ഉണ്ടാകുകയില്ല.' *(സ്വഹീഹ് മുസ്‌ലിം, കിത്താബുൽ ഫളായിൽ)*

നബിﷺതിരുമേനിക്ക് നുബുവ്വത്തു പദവി പ്രദാനം ചെയ്യപ്പെട്ടപ്പോൾ അവരിരുവരുടേയും സ്നേഹത്തിന് 15 വർഷം തികഞ്ഞിരുന്നു. അവരുടെ ചിന്തയും പൊതു അഭിപ്രായവും ഒന്നു നോക്കുക. ദൃഢഗാത്രയായ ഈ സ്ത്രീരത്നം അദ്ദേഹത്തെ അനുകൂലിച്ചുകൊണ്ടു പറഞ്ഞ വാക്ക് അദ്ദേഹത്തിന്റെ ഉത്തമമായ മാതൃകയുടെ കണ്ണാടിയായി മാറി. ഹദ്റത്ത് ഖദീജرضی اللہ عنہا

ശേഷം പേജ് 9 ൽ

## • ഹദീഥുന്നബ്‌വിﷺ •

**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**



ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin